# റെയിനോൾഡ്സ്



# ജീവിതയാത്ര

# ജീവിത യാത്ര

റെയിനോൾഡ്സ്

ഒരു ഡി. ബി. എച്ച്. പ്രസിദ്ധീകരണം

JANATHA BOOK STALL
Lourde Centre
Sub Jail Road
Alwaye-1.

DHARMARAM COLLEGE LIBRARY BANGALORE-29

JEEVASS KENDRAM ACHARYA PALACE ALWAYE
18180

ST. ANTONY'S MONASTERY
3048
Phone: 3140
ALWAYE

Dharmaram College Library
Acc. No.........................
Call. No. K31/R23
M/242

(Malayalam)

JEEVITHA YATHRA

By Reynolds

First Impression July 1987

Printed at: Anaswara Printers, Kottayam-1

Publishers & Distributers

Deepika Book House

Sastri Road, Kottayam-1

Branches: Kattappana & Pathanamthitta

Copy right reserved

Rs: 4-50

## താളുകൾ മറിക്കുമ്പോൾ


| | | പേജ് |
|---|---|---|
| 1 | അനിശ്ചിതത്വം | 1 |
| 2 | രോഗങ്ങൾ | 3 |
| 3 | വേദനകൾ | 4 |
| 4 | വാർദ്ധക്യം | 5 |
| 5 | എന്നും ചെറുപ്പമായിരിക്കാൻ | 7 |
| 6 | അപകർഷത | 9 |
| 7 | അടിസ്ഥാനരഹിതമായ ഭയം | 12 |
| 8 | ആശങ്കകൾ | 13 |
| 9 | സ്വസ്ഥമായ മനസ്സ് | 15 |
| 10 | ആകാശം ഇരുണ്ടുമൂടുമ്പോൾ | 17 |
| 11 | ദൈവം എന്റെ കൂടെ | 18 |
| 12 | വിശ്വാസം | 19 |
| 13 | ദൈവത്തിന്റെ ദാനങ്ങൾ | 21 |
| 14 | നമ്മുടെ ശക്തി | 22 |
| 15 | ദൈവത്തിന്റെ സംരക്ഷണയിൽ | 23 |
| 16 | പ്രാർത്ഥനയുടെ ശക്തി | 25 |
| 17 | സംതൃപ്തി | 28 |
| 18 | ആശ്രമഭിത്തിയിലെ കുറിപ്പ് | 29 |
| 19 | കാത്തിരുപ്പ് | 32 |
| 20 | പ്രതിജ്ഞകൾ | 34 |
| 21 | വാക്കും പ്രവൃത്തിയും | 36 |
| 22 | ഇരുളിൽ ഒളിഞ്ഞുകിടക്കുന്ന രത്നങ്ങൾ | 38 |
| 23 | സന്തോഷത്തിലൂടെ | 41 |
| 24 | അപരനു വേണ്ടി | 44 |
| 25 | ജീവിത യാത്ര | 46 |

# ഗ്രന്ഥ കർത്താവിന്റെ ഇതരകൃതികൾ

1) Marginal Musings
2) യവന ലോകം
3) ലോക ജേതാവ്
4) മിന്നാമിനുങ്ങുകൾ
5) മുത്തുമണികൾ
6) മറുനാടൻ കഥകൾ
7) കാൽവരിയിലെ നാടക വേദി
8) ഫ്രഡറിക്ക ഒസ്സാനാം
9) ലോകത്തിന്റെ വെളിച്ചം
10) കുരിശിനപ്പുറം ക്രൂശിതനെ കാണാൻ

# 1 അനിശ്ചിതത്വം

അനിശ്ചിതത്വം പോലെ മനുഷ്യനെ പേടിപ്പെടുത്തുന്നതും, വേദനിപ്പിക്കുന്നതും, നിരാശയുടെ നീർച്ചുഴിയിൽ നട്ടം തിരിക്കുന്നതുമായി മറെറാന്നുമില്ല. എത്രയെത്ര ജീവിതങ്ങളാണ് നിരാശയിൽ പൊലിഞ്ഞുപോകുന്നത്?

പടക്കളത്തിലേക്ക നീങ്ങുന്ന പടയാളിക്ക്, മരണം എപ്പോഠം എങ്ങനെ എന്ന ദുരൂഹത, രോഗശയ്യയിൽ കിടക്കുന്നയാഠംക്ക് രോഗം സുഖമാകുമോ, അതോ നീണ്ടനാളുകഠം ശയ്യാവലംബിയായി കഴിഞ്ഞുകൂടേണ്ടി വരുമോ എന്ന ആശങ്ക. മററു ചിലർ ഭാവന കരുപ്പിടിപ്പിക്കുന്ന ഭീകരചിത്രങ്ങഠം കണ്ടുപേടിച്ചു തളരുന്നു. ജീവിതത്തിൽ ഇതുപോലുള്ള അനുഭവങ്ങഠം തീർത്തും വിരളമല്ല. നമ്മുടെ ജീവിതത്തോടൊപ്പം കിട്ടിയ പൈതൃകമാണ് ഇവയെല്ലാം. പക്ഷേ, അവയോടൊപ്പം, അവയെ നേരിടാനുള്ള ആന്തരികശക്തിയും ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. ഇവയിൽ ഏററവും പ്രധാനമായിട്ടുള്ളത് ആത്മശക്തിയാണ്. ആത്മശക്തിയും അതിൽ നിന്നു് ഉത്ഭൂതമാകുന്ന ധൈര്യവും എന്നും നമ്മുടെ ശക്തി ദുർഗ്ഗമായിരിക്കും.

ആത്മശക്തിയുടെ ഉറവിടം സർവ്വശക്തനായ ദൈവമാണ്. ആ ശക്തി നമ്മിലേക്ക പ്രസരിക്കുമ്പോഠം നാം അജയ്യരായിത്തീരുന്നു. ഒന്നിനും നമ്മെ അടിപ്പെടുത്തുവാൻ സാധിക്കയില്ല. ഈ ശക്തി ലഭിക്കുവാൻ ദൈവ

ത്തിൽ അടിയുറച്ച വിശ്വാസത്തോടെ നാം പ്രാർത്ഥിക്കണം. ''നാളത്തേപ്പററി നിങ്ങൾ ചിന്താകുലരാകേണ്ട'' എന്ന ക്രിസ്തുനാഥൻെറ തിരുവചസ്സുകൾ നമ്മെ സാന്ത്വനപ്പെടുത്താനും ധൈര്യപ്പെടുത്താനും പററിയവയല്ലേ? പിന്നേയും അവിടുന്നു പറയുന്നു ''മകൻ അപ്പം ചോദിച്ചാൽ നിങ്ങളിലാരെങ്കിലും അവനു് കല്ലു കൊടുക്കുമോ? മീൻ ചോദിച്ചാൽ അവനു് പാമ്പിനെ കൊടുക്കുമോ? ദോഷികളായ നിങ്ങൾ, നിങ്ങളുടെ കുഞ്ഞുമക്കൾക്കു് നല്ല വസ്തുക്കൾ സമ്മാനിക്കണമെന്നറിയുന്നെങ്കിൽ, നിങ്ങളുടെ സ്വർഗ്ഗീയ പിതാവു് തന്നോടു ചോദിക്കുന്നവർക്കു് അതിലും നല്ലവ സമ്മാനിക്കയില്ലേ? നോക്കുക ദൈവത്തിൻെറ അനന്തമായ സ്നേഹവും, കാരുണ്യവും, പരിപാലനയും!

ലോകസാധാരണങ്ങളായ ക്ലേശങ്ങളിൽ നിന്നും വിമുക്തി പ്രാപിക്കാനുള്ള അതിരുകടന്ന വ്യഗ്രത ചിലരെ ആത്മഹത്യയിൽ കൊണ്ടെത്തിക്കുന്നു. അഹോ, ഭയങ്കരം! സ്നേഹനിധിയായ നമ്മുടെ പിതാവായ ദൈവത്തോടു്, തൻെറ എല്ലാ സൃഷ്ടവസ്തുക്കളുടേയും മകുടമായ മനുഷ്യനു് കാണിക്കാവുന്ന വിദ്വേഷത്തിൻെറ പാരമ്യമല്ലയോ ഈ ഹീന കൃത്യം!

ദൈവം നമ്മെ അതുല്യമായി സ്നേഹിക്കുന്നു. നമ്മുടെ ക്ലേശങ്ങളിലും, വീർപ്പുമുട്ടലിലും അവിടുന്നു് നമ്മോടൊപ്പമുണ്ടു്. ഈ സത്യത്തിൽ നാം അടിയുറച്ചു വിശ്വസിക്കുമെങ്കിൽ നമ്മുടെ യാതനകളിൽ നമുക്കു് തൻെറ തുണയും സാന്ത്വനവും തീർച്ചയായും ലഭിക്കും. ''നാഥാ, ഞങ്ങളുടെ വിശ്വാസം വദ്ധിപ്പിക്കണമേ എന്നു് തൻെറ ശിഷ്യന്മാർ പ്രാത്ഥിച്ചതുപോലെ നമുക്കും പ്രാത്ഥിക്കാം. ഉറച്ചവിശ്വാസത്തോടെ ഒന്നിനേയും പേടിക്കാതെ മുന്നോട്ടു പോകാം. എന്തെന്നാൽ കത്താവാണല്ലോ നമ്മുടെ ബലവും കോട്ടയും.

രോഗം ലഘുതരമായാലും ഗുരുതരമായാലും ആരും സ്നേഹവായ്പ്പോടെ അതിനെ തഴുകി സ്വീകരിക്കുകയില്ല. രോഗം എല്ലാവർക്കും ഒരു പേടിസ്വപ്നമാണ്. രോഗത്തിൻെറ പിടിയിൽ അമരുന്നതിനു മുമ്പേ തന്നെ അതിൻെറ യാതനകൾ നാം അനുഭവിച്ചു തുടങ്ങും. രോഗം പിടിപ്പെട്ടു കഴിഞ്ഞാലത്തെ സ്ഥിതി പറയാനില്ലല്ലോ?

പല തരത്തിലുള്ള രോഗികളാണ് ആശുപത്രികളിൽ കഴിഞ്ഞുകൂടുന്നതു്. അംഗഭംഗം ഭവിച്ചവർ, വേദനകൊണ്ടു പുളയുന്നവർ, മരണം കാത്തു് കിടക്കുന്നവർ, ഉററബന്ധുക്കളോ സ്നേഹിതരോ ഇല്ലാത്തവർ, ഇക്കൂട്ടരെയെല്ലാം നാം അവിടെക്കാണും.

അവസാനം പറഞ്ഞ വിഭാഗത്തിൽ രണ്ടുതരം വേദനയാണ്, ഒന്നു രോഗത്തിൻെറ വേദന, അതു് ഒരളവുവരെ സഹിക്കാം. എന്നാൽ തങ്ങൾ ഒററപ്പെട്ടുപോയവരാണല്ലോ എന്ന ചിന്ത അവരെ ഇഞ്ചിഞ്ചായി മരിപ്പിക്കുന്നു. അവരുടെ ചുററുമുള്ള കിടക്കകളിൽ കഴിയുന്നവരുടെ സമീപം ബന്ധുക്കളും സ്നേഹിതന്മാരും നിൽക്കുന്നു. സാന്ത്വനവചസ്സുകളും മധുരപ്പൊതികളുമായി. തങ്ങളെ സമീപിക്കുന്നതോ, ഊഴമൊപ്പിച്ചു ഗുളികകളും മററു മരുന്നുകളുമായി വരുന്ന നഴ്സുമാരും ഡോക്ടർമാരും! ചുരുക്കം ചിലപ്പോൾ, കാരുണ്യമുള്ള ചിലരുടെ ദൃഷ്ടികൾ അവരുടെ നേർക്കു് തിരിഞ്ഞെന്നുംവരും

ഇനിയുമുണ്ടു് വേറൊരു കൂട്ടർ, കിടക്കയിൽ ബന്ധിതരായവർ. അവരുടെ ആകാശവും ഭൂമിയും ആ കിടക്ക മാത്രമാണ്. നടക്കുകയാണെങ്കിൽ അവർക്കു ലഭിക്കുമായിരുന്ന, അല്പമായ ആശ്വാസം പോലും രോഗം മൂലം നിഷേധിക്കപ്പെട്ടിരിക്കയാണ്. എത്ര ഇഴഞ്ഞിഴഞ്ഞാണ് അവരുടെ വിനാഴികകൾ നീങ്ങുന്നതു്! പരസഹായം കൂടാതെ അവർക്ക് ഒന്നു് തിരിഞ്ഞുകിടക്കാൻ പോലും കഴിയുകയില്ല. വാസ്തവത്തിൽ ശരശയ്യതന്നെ!

അനങ്ങാൻ പാടില്ലാത്ത സ്ഥിതിയാണെങ്കിലും, ക്രിസ്തുവിനോടൊന്നിച്ചു ആജീവിതം ധന്യമാക്കാൻ തീർച്ചയായും കഴിയും. പോാം ആറാമൻ മാർപ്പാപ്പയുടെ വാക്കുകഠം സ്മരണീയമാണു്. അദ്ദേഹം പറയുന്നു: പീഡകഠം ഉപയോഗശൂന്യമോ, വിലയില്ലാത്തതോ ആണെന്നു കരുതേണ്ടാ. നമ്മുടെ വേദനകഠം ക്രിസ്തുവിൻെറ പീഡാനുഭവങ്ങളോടു ചേർക്കുമ്പോഠം അതിനു നിസ്തുലമായ വില ഉളവാകുന്നു, പരിഹാരത്തിൻേറയും രക്ഷണീയത്തിൻേറയും വില.

## 3 വേദനകൾ

വേദനയില്ലാത്ത ജീവിതം! അതു് ഇഹലോകത്തിൽ നമുക്കു് നിഷേധിക്കപ്പെട്ടിരിക്കയാണു്. വേദനയിൽ നിന്നും ആരും ഒഴിവാക്കപ്പെട്ടിട്ടില്ല. ചേരിതിരിവും വർണ്ണവ്യത്യാസവും അവിടെയില്ല. എന്തിനേറെ, ദൈവസുതൻ മനുഷ്യരൂപം എടുത്തതുകൊണ്ടല്ലേ അവിടത്തേയ്ക്കു പീഡകഠം താങ്ങേണ്ടിവന്നതു്?

വേദനയുടെ ഭാണ്ഡവും പേറിവേണം നമ്മുടെ തീർത്ഥയാത്ര അവസാനിപ്പിക്കാൻ. യേശുനാഥനെ അനുഗമിക്കുന്നതിനു് ആവശ്യമായ ഒരു ഘടകമാണു് കുരിശുവഹിക്കൽ. അങ്ങനെ മാത്രമേ നമുക്കു് അങ്ങേക്കു് സാക്ഷ്യം വഹിക്കാൻ സാധിക്കുകയുള്ളൂ.

നമ്മുടെ വേദനകളിൽ നിന്നും, നമുക്കു ലാഭമോ, നഷ്ടമോ ഉണ്ടാക്കാൻ സാധിക്കും. അതു് വേദനകളെ സമീപിക്കുന്ന മനോഭാവത്തെ ആശ്രയിച്ചിരിക്കും. തങ്ങളുടെ വേദനകളിൽ നിന്നും ലാഭമുണ്ടാക്കിയവരാണു്

വിശുദ്ധാത്മാക്കളും വേദസാക്ഷികളും. പീഡനങ്ങൾ പേടിച്ച് മതത്യാഗമെന്ന കുറുക്കുവഴി അവലംബിച്ചവർ നഷ്ടക്കച്ചവടക്കാരും! വേദനകളെ ഫലപ്രദമാക്കാൻ താഴെപ്പറയുന്ന മാർഗ്ഗങ്ങൾ ഉപകാരപ്രദമായിരിക്കും:—

1) ക്രിസ്തുനാഥന്റെ പീഡാസഹനം നമ്മുടെ ഭാവനയിൽ സജീവമായി നിറുത്തുക.

2) രോഗവും, അതിനോടനുബന്ധിച്ച ക്ലേശങ്ങളും, നമ്മുടേയും, മററുള്ളവരുടേയും പാപപരിഹാരത്തിനായി സമർപ്പിക്കാൻ പരിശീലിക്കുക.

3) നമ്മുടെ വേദനകൾ ക്രിസ്തു അനുഭവിച്ച വേദനകളോടുകൂട്ടിച്ചേർക്കുമ്പോൾ അവ അനർഘ സമ്പത്തായി പരിവർത്തനം ചെയ്യപ്പെടുന്നു. പ്രസ്തുത പ്രക്രിയയിലെ ഭാഗഭാഗിത്തം നമ്മിൽ ആത്മാഭിമാനവും പ്രത്യാശയും സംജാതമാക്കുന്നു.

ക്രിസ്തുവിന്റെ പീഡാസഹനത്തിന്റെ എല്ലാം പിന്നിൽ പ്രവർത്തിച്ചിരുന്ന ശക്തി അവിടത്തേയ്ക്കു നമ്മോടുള്ള അദമ്യമായ സ്നേഹമാണെന്നുള്ള വസ്തുത മറക്കാതിരുന്നാൽ തീർച്ചയായും നമ്മുടെ ക്ലേശങ്ങളും വേദനകളും സന്തോഷത്തോടെ നാം വഹിക്കും. അതു വലിയ ഭാരമുള്ളതായി നമുക്ക് തോന്നുകയില്ല.

## 4 വാർദ്ധക്യം

കാലം അതിന്റെ പ്രത്യക്ഷമായുള്ള ചിത്രങ്ങൾ അനുസ്യൂതം വരച്ചുകൊണ്ട് മുന്നോട്ടു നീങ്ങുന്നു. ഋതുഭേദങ്ങളെല്ലാം കാലാകാലത്തിൽ മർത്ത്യനിലും വന്നു ഭവിക്കുന്നു. പ്രകൃതിയുടെ നിയമമാണിതു്. മാററമില്ല, അപവാദമില്ല.

വാർദ്ധക്യമെന്ന സ്ഥിതിവിശേഷം മാററിവയ്ക്കാൻ പററുമായിരുന്നെങ്കിൽ പലരും അതു് ചെയ്യേനേ. സന്തോഷത്തോടും, അഭിമാനത്തോടും അതിനെ ആശ്ലേഷിക്കാൻ ആരും ഒരുങ്ങുകയില്ല. യൗവ്വനം കൈവിട്ടു പോകരുതെന്നും, എന്നും ഓണത്തുമ്പികണക്കേ നീലാകാശത്തിൻ കീഴ് തത്തിക്കളിക്കണമെന്നുമാണു് എല്ലാവരുടേയും ഒടുങ്ങാത്ത ആഗ്രഹം. എന്നാൽ വാർദ്ധക്യം വാതിൽക്കൽ മുട്ടിക്കഴിഞ്ഞു. മുഖത്തെ മിനുമിനുപ്പ് മാറി. മിനുസമില്ലാത്ത ബോർഡിൽ വരച്ചവരകൾ പോലെ, മുഖത്തു് വരകളും, ചുളികളുമായി. ആകപ്പാടെ മെററലിളകി പൊളിഞ്ഞുകിടക്കുന്ന നിരത്തിൻെറ സ്ഥിതിയായി മുഖത്തിനു്. കണ്ണുകളിൽ പ്രകാശകിരണങ്ങൾ ഓളം വെട്ടുന്നില്ല. ചത്തമീനിൻെറ കണ്ണുകൾ പോലെ അവ നിർജീവങ്ങളായിക്കഴിഞ്ഞു. കലമാനിൻെറ വേഗത്തിൽ ഓടിച്ചാടിനടന്ന കാലങ്ങൾ ഇന്നു് വെറും കടംകഥ! ഊന്നുവടി കൂടാതെ ഇന്നു് ഒരടി മുന്നോട്ടു് വയ്ക്കാനാവില്ല. തടിച്ചുകൊഴുത്തിരുന്ന ശരീരം ഇന്നു ചുങ്ങിച്ചുളിഞ്ഞു ഉപ്പുമാങ്ങാപോലെ ആയിട്ടുണ്ടു്. കാലം വരുത്തിയ മാററങ്ങൾ! അതും എത്രപെട്ടെന്നു്! ഇന്നലകൾ, കൈതൊടാവുന്ന അകലത്തിലാണെന്നു തോന്നും. പക്ഷേ, കൈ നീട്ടുമ്പോളാണു് മനസ്സിലാകുന്നതു്, അതു് അങ്ങു് കൈ എത്താത്ത ദൂരത്തായിപ്പോയെന്നു്. പ്രകൃതിയുടെ നിയമങ്ങൾക്കു് ശരീരം വഴങ്ങാതെ പററില്ലല്ലോ! രോഗം കൂടെ കടന്നു പിടിക്കുമ്പോളാണു് അവർ വല്ലാതെ ബുദ്ധിമുട്ടുന്നതു്. തങ്ങൾ ഒരിടത്തും പററാത്തവരായി തീർന്നല്ലോയെന്ന വിചാരം അവരെ പര്യാകുലരാക്കുന്നു. ബാറററി തീർന്നുപോയ ടോർച്ചുപോലുള്ള അനുഭവം.

ഈ സ്ഥിതിയിൽ തളർന്നുപോകാതിരിക്കാൻ തങ്ങളുടെ ആത്മശക്തി തീർത്തും കെട്ടുപോകാതെ ഊതിക്കത്തിക്കാനും, കഴിയുന്നത്ര സന്തുഷ്ടിയോടെ ജീവിക്കാനും ശ്രമിച്ചാൽ പല പ്രയാസങ്ങളും നേരിടാൻ അവർക്കു് സാധിക്കും. എല്ലാററിലും ഉപരിയായി ദൈവവിശ്വാസവും പ്രതീക്ഷയും അവരെ ബലപ്പെടുത്തും.

തന്നെത്താൻ ഒന്നും ചെയ്യാൻ പററാത്ത അവരുടെ സ്ഥിതിയിൽ അവരെ ആശ്വസിപ്പിക്കാനും, സഹായിക്കാനും ആരോഗ്യമുള്ളവർ ശ്രദ്ധിക്കേണ്ടതാണ്. ഉപയോഗശൂന്യമായ വസ്തുക്കളെ കുപ്പയിലേക്ക് എറിയുന്ന ലാഘവത്തോടെ വൃദ്ധരെ തള്ളിക്കളയരുത്. സമൂഹത്തിന് അവരെ ആവശ്യമുണ്ട് എന്ന തോന്നൽ അവരിൽ വരുത്തിയാൽ അവർക്കു തൃപ്തിയായി. സമാധാനത്തിൽ അവർ കഴിയുകയും ചെയ്യും. അവരുടെ നല്ല കാലത്ത് സമൂഹം അവരെ ഭജിച്ചു. ഇപ്പോൾ അവരെ ത്യജിക്കുന്നത് നീതിക്ക് നിരക്കാത്തതല്ലേ?

## 5 എന്നും ചെറുപ്പമായിരിക്കാൻ

ചെറുപ്പകാലം! എത്ര സുന്ദരമായ കാലമാണത്. മനസ്സും ശരീരവും നല്ല ആരോഗ്യത്തിൽ, അസാധ്യമായതൊന്നും അവർക്കില്ല. ഏതു മല കയറാനും, മലമറിക്കാനും അവർക്ക് ഒരു മടിയുമില്ല. ദുഷ്പ്രാപ്യങ്ങളായ ഉന്നതമേഖലകളാണ് അവരുടെ ലക്ഷ്യം. ആയാസങ്ങളൊന്നും അവരെ തളർത്തുകയില്ല. എന്നും "മുന്നോട്ടു മുന്നോട്ടു" അവർ കുതിയ്ക്കുന്നു. ജെററ് വിമാനത്തിന്റെ വേഗത്തിലാണ് അവരുടെ പ്രയാണം— എല്ലാം കീഴ്പ്പെടുത്താനുള്ള അദമ്യമായ മോഹം. ആലസ്യം അവർക്കൊട്ടുമില്ല. ആരാണ് ചെറുപ്പത്തെ സ്നേഹിക്കാത്തത്? ആരാണ് എന്നും ചെറുപ്പമായിരിക്കാൻ ആഗ്രഹിക്കാത്തത്?

പക്ഷേ, ഇത് അത്ര എളുപ്പമുള്ള കാര്യമാണോ? കാലം അതിന്റെ വരകളും ചിത്രങ്ങളുംവഴി നമ്മുടെ ശരീരത്തിൽ പ്രേക്കോലങ്ങൾ മെനയും. വെണ്ണയ്ക്കുതുല്യം മിനുസമായിരുന്നമുഖം ഗ്രാമീണ റോഡുകൾ പോലെ

ആകും. ദന്തനിരകളുടെ എണ്ണം കുറയും, കാഴ്ചയും ശ്രവണശക്തിയും മങ്ങും. നാഡിഞരമ്പുകൾ തളരും. ഉയരത്തിലേയ്ക്കു പറക്കാൻ മോഹം, പക്ഷേ, ചിറകുകൾ അനങ്ങുകയില്ല. അവ എന്നേ തളർന്നുപോയി.

നഷ്ടബോധം നമ്മെ ആകുലചിത്തരാക്കുന്നു. വലിഞ്ഞിഴഞ്ഞു മുന്നോട്ടുപോകുന്നജീവിതം താങ്ങാൻ വയ്യാത്ത ഭാരമായി നമുക്കുതോന്നും. എന്തിന് ഇങ്ങനെ ജീവിക്കുന്നു എന്ന് നേരിയസ്വരത്തിൽ നാം പറഞ്ഞു തുടങ്ങും.

തെററായ ഒരു കാഴ്ചപ്പാടാണിതു്. ജീവിതം വിലയേറിയതാണ്. ദൈവത്തിന്റെ ദാനമാണ് ജീവൻ എന്നു നാം ഓർക്കണം. ജീവനെ സ്നേഹിക്കാനും അതിന്റെ ആരോഗ്യം നിലനിർത്താനും നാം ബാധ്യസ്ഥരാണ്. കാലത്തിന്റെ മതിൽക്കെട്ടിനപ്പുറത്താണ് നമ്മുടെ ജീവാത്മാവിന്റെ മണ്ഡലം. ജരാനരകളും മരണവും അവിടെയില്ല. അവിടെ നിത്യവസന്തവും നിത്യയൗവ്വനവുമാണ്. കാലത്തിന്റെ കൈകളിൽ അമരുന്നതും കാലത്തിന്റെ കരങ്ങളിൽ കുരുങ്ങുന്നതും നശ്വരമായ നമ്മുടെ ജഡം മാത്രമാണ്. ജീവൻ ജഡബന്ധിതം മാത്രമാണെന്നുള്ള ചിന്തയാണ് നമ്മെ തളർത്തുന്നതു്.

ജീവൻ അനശ്വരമാണെന്നും അതു് അതിന്റെ കർത്താവായ സൃഷ്ടാവിൽ വിലയം ചെയ്യുമ്പോഴാണ് അതിന്റെ ലക്ഷ്യത്തിൽ ചേരുന്നതെന്നും നാം ധരിച്ചാൽ, വാദ്ധക്യത്തിന്റേയും രോഗത്തിന്റേയും പിടിയിൽ നാം അമരുമ്പോൾ പരിഭ്രമിക്കയൊ ഭയപ്പെടുകയോ ഇല്ല. എത്ര ഉത്സാഹത്തോടും സന്തോഷത്തോടും കൂടെയാണ് കോഴികുഞ്ഞു അതിന്റെ താൽക്കാലിക ഭവനമായിരുന്ന മുട്ടയിൽനിന്നും പുറത്തിറങ്ങുന്നതു്. തോടുപേക്ഷിച്ച്, അതു പുതിയലോകത്തേയ്ക്കു് ഓടിയിറങ്ങുന്നു, പിറകോട്ടു തിരിഞ്ഞുനോക്കുന്നതേയില്ല.

18180

''എന്നിൽ ജീവിക്കുന്നവൻ മരിച്ചാലും ജീവിക്കും'' എന്ന ക്രിസ്തുനാഥൻെറ വചസ്സുകൾ എത്ര ആശ്വാസപ്രദമാണ്. ഇപ്രകാരമുള്ള ഒരു മനോവ്യാപാരം നമുക്കുണ്ടെങ്കിൽ ചെറുപ്പത്തിൻെറ സൗഖ്യവും ഓജസ്സും നമ്മിൽ നിലനിറുത്താൻ നമുക്കു സാധിക്കും.

## 6 അപകർഷത

അപകർഷതാബോധം വലിയ അപകടകാരിയാണ്. പലരും ഇതു് മനസ്സിലാക്കുന്നില്ല. ജലദോഷം സർവ്വസാധാരണമായ ഒരു രോഗമാണ്. മാരകരോഗങ്ങളുടെ പട്ടികയിൽ ആരും അതിനെ പെടുത്താറില്ല. പക്ഷേ, സൂക്ഷിക്കാഞ്ഞാൽ അതു വിഷജ്വരമായി മാറാനും മരണത്തിൽ കലാശിക്കാനും ഇടയാക്കിയേക്കാം.

അപകർഷതാ ബോധം ഇത്തരത്തിൽ പെട്ട ഒരസുഖമാണ്. ചിലപ്പോൾ അതു് അതിരു കടന്നു വിനയത്തിൻെറ വേഷം കെട്ടിയെന്നും വരും. സാരമില്ലെന്നു വിചാരിച്ചിരുന്നാൽ, അതിൻെറ വേരു ആഴത്തിലിറങ്ങി ജീവിതത്തെ താറുമാറാക്കാനിടയുണ്ടു്. ഇത്തിക്കണ്ണി, വൃക്ഷത്തിൻെറ ഏററവും മൃദുലമായ ഭാഗത്താണല്ലോ ആദ്യമായി അള്ളിപ്പിടിക്കുന്നതു്. ഇതുപോലെ നമ്മുടെ ഏററവും ബലഹീനമായ സ്ഥാനത്തേയ്ക്കാണു് അപകർഷത്വം ആദ്യമായി നോട്ടമിടുന്നതു്.

മനുഷ്യൻെറ നോട്ടം എപ്പോഴും പൂർണ്ണതയിലേക്കാണ്, പൂർണ്ണതയിൽ കുറഞ്ഞതു് അവനെ അലോസരപ്പെടുത്തും. തന്നിൽ, താനഭിലഷിക്കുന്ന ഗുണ-വിശേഷങ്ങൾ ഇല്ലെന്നു കാണുമ്പോൾ അവൻ വ്യാകുലപ്പെടുന്നു.

മററുള്ളവരോടു തട്ടിച്ചു നോക്കുമ്പോറം വെറും വെറുമയായി അവൻ തന്നെ കാണുന്നു. ഫലമോ, ആത്മനിന്ദനവും, ദയനീയമായ പരാജയബോധവും.

കടത്തുകാരൻെറ ശക്തി അവൻെറ തുഴയിലാണു്. അവൻെറ ആത്മബലം മുഴുവൻ അവൻെറ കൊച്ചു തുഴയിലാണു്. തുഴ കയ്യിൽ ഉണ്ടെങ്കിൽ ഏതൊഴുക്കും മുറിച്ചു കടക്കാൻ അവനു കഴിയും. എന്നാൽ തുഴ നഷ്ടപ്പെട്ടാൽ, അവൻ മുടി നഷ്ടപ്പെട്ട സാംസണേപ്പോലെയായി. അപകർഷതാബോധത്തോടെ വർത്തിക്കുന്നവൻെറ സ്ഥിതിയും ഇതിൽ നിന്നും ഭിന്നമല്ല. അപകർഷതാബോധം ആത്മധൈര്യം നിശ്ശേഷം കെടുത്തിക്കളയുന്നു.

അപകർഷക സ്വഭാവമുള്ളവൻെറ കണ്ണുകറം എപ്പോഴും തൻെറ കുറവുകളിലേക്കായിരിക്കും നോട്ടമിട്ടിരിക്കുന്നതു്. ശൂന്യതയിലേക്കു്, കണ്ണും നട്ടിരിക്കുന്നവനു് ശൂന്യതയല്ലാതെ മറെറാന്നും കണ്ണിൽ പെടുകയില്ലല്ലോ!

ലോകത്തിൽ ഊനമില്ലാത്തതായി ഒന്നുമില്ലെന്നും, പ്രത്യുത, നാം പ്രപഞ്ചത്തിൻെറ ഭാഗമായിരിക്കുന്നതുകൊണ്ടു് നമ്മിലും ചില കുറവുകളും, അററ കുററങ്ങളും വന്നു ഭവിക്കാൻ ഇടയുണ്ടെന്നും ഓർത്താൽ നമ്മുടെ അപകർഷതാബോധം ലഘൂകരിക്കപ്പെടും. മഹാത്മാഗാന്ധിയുടെ പാളച്ചെവിയും, എബ്രാഹം ലിങ്കൻെറ വാതരമുഖവും അവരെ ഒട്ടും തളർത്തിയില്ല. മനുഷ്യമഹത്വത്തിൻെറ ഉന്നതസോപാനത്തിൽ ഇരുവരും നിലകൊള്ളുന്നു.

ശാരീരികമായും മാനസികമായും അററകുററമുള്ളവരെ നാം കാണാറില്ലേ? ജന്മനാ കുരുടരും ബധിരരുമുണ്ടു്. ജനനത്തിൽ തന്നെ അംഗവൈകല്യം ഭവിച്ചവർ അപകടത്തിൽ, കൈകാലുകറം നഷ്ടപ്പെട്ടവർ, മാനസികമായി പൂർണ്ണ വളർച്ച പ്രാപിക്കാത്തവർ, ഇങ്ങനെ

എത്രയെത്ര! ഈ വികലതകഠം ബാദ്ധ്യതയായിട്ടെട ക്കാതെ, മൂലധനമായി സ്വീകരിക്കാൻ തയ്യാറുണ്ടെങ്കിൽ, അവക്കു് അവരുടെ ജീവിത നൗകയെ വിജയകരമായി തുറമുഖത്തു് കൊണ്ടുചെന്നെത്തിക്കാൻ കഴിയും. അങ്ങ നെ ജീവിതം ധന്യമാക്കിയവരാണല്ലൊ, ജന്മനാ അ ന്ധയും ബധിരയുമായിരുന്ന ഹെലൻ കെല്ലറും പോളി യോ രോഗം ബാധിച്ചു നഷ്ടചൈതന്യമായ കാലുകളോടു കൂടിയ അമേരിക്കൻ പ്രസിഡൻറു റൂസ്‌വെൽററും. പ്രകൃതി അടിച്ചേൽപ്പിച്ച പരാധീനതകഠം അവരെ തളർത്തുകയല്ല, ഉണർത്തുകയാണു് ചെയ്യതു്.

അവരുടെ അംഗവൈകല്യവും, പരാധീനതയും അവരെ മററുള്ളവരിൽ നിന്നും വ്യത്യസ്ഥരാക്കി. ഒര ത്ഥത്തിൽ അധ:സ്ഥിതരും. എന്നാൽ അവർ ആരേയും പഴിച്ചില്ല; സ്വയം ശപിച്ചുമില്ല. വൈകല്യങ്ങളെല്ലാം സന്തോഷത്തോടെ അവർ സ്വീകരിച്ചു. എന്നാൽ ജീവി തത്തിൽ തോൽക്കരുതെന്നു് അവക്കു് നിർബ്ബന്ധമുണ്ടാ യിരുന്നു.

ഇങ്ങനെ ജീവിതവിജയം കൈവരിച്ചവരെ തേടി കടലിനക്കരെ പോകണമെന്നില്ല. ജീവിതം സന്തോഷ പ്രദവും, അഭിമാനകരവുമാക്കുന്ന വികലാംഗർ നമ്മുടെ നാട്ടിലുമുണ്ടു്. സാധാരണ ഗതിയിൽ കുത്തഴിഞ്ഞു നശിക്കു മായിരുന്ന ജീവിതത്തെ സ്ഥിര പരിശ്രമം കൊണ്ടു് അവർ ധന്യമാക്കി.

ദൈവത്തിൽ അടിയുറച്ച വിശ്വാസം കൈമുതലാ യിട്ടുള്ളവക്കു് തങ്ങളുടെ കുറവുകളും, പരാധീനതകളും ഒരു പ്രശ്നമല്ല. അവരുടെ ബലഹീനതയാണു് അവരുടെ ശക്തി. കാരണം അവരുടെ ഏക ആശ്രയം സർവ്വശക്ത നായ ദൈവമാണു്. നമ്മുടെ കുറവുകളിലും, കഴിവില്ലാ യ്മയിലും നാം നിരാശരാകരുതു്. നമ്മുടെ ജീവി തത്തെ വിജയിപ്പിക്കാൻ നമുക്കു ചുമതലയുണ്ടു്. പേടി ക്കുന്നവൻ ഒരു ചുവടു മുന്നോട്ടു വയ്ക്കാൻ ഭയപ്പെടുന്നു;

എന്നാൽ ധൈര്യമായി കാൽ മുന്നോട്ടു വയ്ക്കുന്ന ക്ഷണത്തിൽ ഭയം വിട്ടുമാറിക്കൊള്ളും. അപകർഷതാബോധത്താൽ പര്യാകുലരാകുന്നവർ നിൽക്കുന്നിടത്തു നിൽക്കാതെ മുന്നോട്ടു പോകാൻ ശ്രമിച്ചാൽ ജീവിതവിജയം കണ്ടെത്താൻ തീർച്ചയായും സാധിക്കും.

## 7 അടിസ്ഥാനരഹിതമായ ഭയം

ഭയം മനുഷ്യനെ ഉന്മേഷരഹിതനാക്കുന്നു, ഭീരുവാക്കുന്നു, പ്രവർത്തനത്തിനാവശ്യമായ ഊർജ്ജം വററിച്ചുകളയുന്നു.

നാളെ എന്തു സംഭവിക്കും? ഇതാണോ നിങ്ങളെ ഭയപ്പെടുത്തുന്നതു്? മററുള്ളവർ നിങ്ങളെപ്പററി എന്തു പറയും, എന്തു ചിന്തിക്കും, ഇതാണോ നിങ്ങളെ അലട്ടുന്നതു്? രോഗങ്ങൾ, മാനനഷ്ടം, ധനനഷ്ടം, ഇതൊക്കെ നിങ്ങളെ പിടികൂടിയേക്കുമോ എന്ന ചിന്തയാണോ നിങ്ങളെ പര്യാകുലരാക്കുന്നതു്? മിക്കവാറും എല്ലാവർക്കും അനുഭവപ്പെടുന്ന വികാരങ്ങളാണ് ഇവയെല്ലാം. അടിസ്ഥാനരഹിതമായ ഭയത്തോടെ വ്യാപരിക്കുന്നവർ വെറും നിഴൽയുദ്ധമാണ് ചെയ്യുന്നതു്. യുദ്ധംചെയ്തു സ്വയം ക്ഷീണിക്കാമെന്നല്ലാതെ ഈ യുദ്ധത്തിൽഒന്നും നേടാൻ പോകുന്നില്ല.

ഭയത്തിൻെറ കുരുക്കിൽ നിന്നു് വിടുതൽ പ്രാപിക്കാൻ തീർച്ചയായും നമുക്കു സാധിക്കും. യാഥാർത്ഥ്യങ്ങളെ തുറന്നകണ്ണുകൊണ്ടു് കാണുകയും തുറന്നമനസ്സോടെ സമീപിക്കുകയും ചെയ്താൽ മതി. ഭയം ഒരു വികാരമാണെന്നും അതിനെ നിയന്ത്രിക്കാൻ നമുക്കുകഴിയുമെന്നും

നാം ധരിക്കണം. വികാരങ്ങളെ നിയന്ത്രിക്കാൻ പററിയ ശക്തി നമ്മിൽ നിക്ഷിപ്തമായിട്ടുണ്ട്.

പലപ്പോഴും നമ്മെ പേടിപ്പെടുത്തുന്നതു് എന്താണ്, എവിടെയാണ് എന്നു് നിർണ്ണയിക്കാൻ പ്രയാസമുണ്ട്. എല്ലാം പേടി, കണ്ണടയ്ക്കാൻ പേടി, കണ്ണുതുറക്കാൻ പേടി, സർവ്വത്ര പേടി. നിലയില്ലാ വെള്ളത്തിൽ വീണാലത്തെ അനുഭവം.

നിഷേധാത്മകങ്ങളായ ചിന്തകൾ ഒഴിവാക്കാനും കർമ്മനിരതയായവസ്ഥ് മുൻഗണന കൊടുക്കാനും ശ്രമിച്ചാൽ ഭയമെന്ന വ്യാധിയെ വളരെ അകലത്തിൽ നിറുത്താൻ സാധിക്കും. ദിവാസ്വപ്നങ്ങളെ ഒഴിവാക്കിയാൽ അർത്ഥശൂന്യങ്ങളായ പേടികൾ താനേ വിട്ടുമാറിക്കൊള്ളും. കാരണം ദിവാസ്വപ്നങ്ങൾ കാര്യകാരണമില്ലാത്ത ഭയത്തിന്റെ ഇഷ്ടതോഴനാണ്.

എല്ലാററിലും ഉപരിയായി ദൈവം നമ്മെ സ്നേഹിക്കുന്നുണ്ടെന്നും അവിടത്തെ പരിപാലന നമ്മെ സുരക്ഷിതരായി കാത്തുകൊള്ളുമെന്നും നാം ഉറപ്പായി വിശ്വസിക്കണം.

## 8 ആശങ്കകൾ

നമ്മുടെ ഈ ലോകത്തെ ജീവിതം, പ്രസന്നവും, ആനന്ദകരവും ആക്കാനുള്ള സംവിധാനമാണ് ദൈവം ചെയ്തിട്ടുള്ളതു്. എവിടേയ്ക്കു കണ്ണോടിച്ചാലും, നമ്മെ വിസ്മയഭരിതരും ആനന്ദതുന്ദിലരുമാക്കുന്ന ഒരു പ്രപഞ്ചത്തിലാണ് നാം വസിക്കുന്നതെന്നു് നിഷ്പ്രയാസം

മനസ്സിലാകും. പ്രകാശവും സൗന്ദര്യവും വഴിഞ്ഞൊഴുകുന്ന പ്രപഞ്ചമാണ് നമ്മുടെ ഭവനം. ഇവിടെ അസുഖം സൃഷ്ടിക്കുന്നതു് ആശങ്കമാത്രമാണ്.

ആശങ്ക നമ്മുടെ ജീവിതത്തെ അലങ്കോലപ്പെടുത്തുന്നു. തിരമാലകൾ തീരപ്രദേശത്തെ മണ്ണ് ഊതി എടുക്കുന്നതുപോലെ ആശങ്കകൾ നമ്മുടെ മനഃസമാധാനത്തേയും, സന്തുഷ്ടിയേയും കാർന്നുതിന്നുന്നു. നാം സന്തുഷ്ടിയോടും, സമാധാനത്തോടും ഇവിടെ ജീവിക്കണമെന്നാണ് ദൈവ തിരുവുള്ളം. ആശങ്കകളാകുന്ന പേക്കിനാവുകൾ നമ്മെ സമീപിക്കുമ്പോൾ നാം പതറുകയോ പേടിക്കയോ ചെയ്യരുതു്.

ദൈവം എൻെറ അടുത്തുണ്ടു്. ദൈവം എന്നെ സംരക്ഷിച്ചുകൊള്ളും, എൻെറ അഭയം എല്ലാററിനേയും നിയന്ത്രിക്കുന്ന സർവ്വശക്തനായ ദൈവത്തിലാണ് എന്ന് ഉറക്കെ പറയുക. എല്ലാ ദിവസവും പ്രാർത്ഥിക്കാനും, ധ്യാനിക്കാനും കുറെ സമയം മാററിവയ്ക്കുക. പ്രാർത്ഥനയും ധ്യാനവും നമ്മുടെ വിശ്വാസത്തേയും പ്രതീക്ഷയേയും ശക്തിപ്പെടുത്തും. പ്രാർത്ഥന ദൈവത്തിൻെറപക്കലേക്കു് നമ്മെ നയിക്കും. അവിടത്തെ സന്നിധിയിൽ നമ്മുടെ ആശങ്കകൾ തീയിൽ മെഴുകുപോലെ ഉരുകിപ്പോകും ശാന്തിയും സമാധാനവും നമുക്കു കൈവരികയും ചെയ്യും.

ദൈവത്തിൻെറ സ്നേഹകരങ്ങൾ എല്ലായ്പ്പോഴും നമുക്കു് താങ്ങും തണലുമാണു്. നമ്മുടെ അല്ലലിലും സന്തോഷങ്ങളിലും ആ ദിവ്യകരങ്ങൾ നമ്മെ വലയം ചെയ്യുന്നു. എന്തുചെയ്യണമെന്നറിയാതെ വീർപ്പുമുട്ടുന്ന അവസരങ്ങൾ നമ്മുടെ ജീവിതത്തിൽ വിരളമല്ല. ഇരുളടഞ്ഞ വഴി നമ്മുടെ മുമ്പിൽ. മുന്നോട്ടു് ഒരടി വയ്ക്കാൻ നാം ഭയപ്പെടുന്നു. വഴികാട്ടാൻ ആരുമില്ലല്ലോ എന്നോർത്തു് നാം പരിഭ്രമിക്കുന്നു. എന്തിനാണു് ഈ പരിഭ്രമവും പേടിയും. സർവ്വശക്തനും കാരുണ്യവാനുമായ ദൈവം നമ്മോടു

കൂടെ ഇല്ലയോ, നമ്മുടെ മനസ്സിനെ മൂടിയിരിക്കുന്ന തമോവലയം നിമിഷം കൊണ്ടു് തൂത്തുമാററി അവിടെ പ്രഭാപൂരം പ്രസരിപ്പിക്കാൻ അവിടത്തേയ്ക്കു് കഴിവില്ലെന്നോ?– ദൈവത്തിന്റെ അനന്തമായ കരുണയിലും, പരിപാലനയിലും ഉറച്ചു വിശ്വസിക്കുക. ദൈവം അറിയാതെ ഒന്നും സംഭവിക്കയില്ല. ആകാശപ്പറവകളെ തീററിപോററുന്ന സ്വർഗ്ഗപിതാവു് അവിടത്തെ സ്വന്തമായ നമ്മെ പരിരക്ഷിക്കയില്ലെന്നോ?

## 9 സ്വസ്ഥമായ മനസ്സ്

അസ്വസ്ഥമായ മനസ്സിനു് ഒന്നും നേരായ രീതിയിൽ കാണാനും പ്രവത്തിക്കാനും കഴിയുകയില്ല. മറിച്ചു് സ്വസ്ഥമായ മനസ്സു് എല്ലാം നേരെ കാണുകയും പ്രവത്തിക്കയും ചെയ്യുന്നു. ദീർഘായുസ്സും ആരോഗ്യവും സ്വസ്ഥമായ മനസ്സിന്റെ സമ്മാനമാണു്.

കൊടുങ്കാററിൽ വൃക്ഷങ്ങൾ വളർച്ചയിലെത്തുന്നില്ല. പലപ്പോഴും അതു് വേരിളകി മറിഞ്ഞുവീണു് നശിക്കുന്നു. മറിഞ്ഞുവീഴാതെ നില്ക്കുന്നതു്, കമ്പും ശിഖരങ്ങളുമൊടിഞ്ഞു പ്രാകൃതരൂപം കൈക്കൊണ്ടു് അസ്ഥിപഞ്ജരം പോലെ നിലകൊള്ളുന്നു. ഫലം പ്രതീക്ഷിച്ചു വളത്തിയ വൃക്ഷം ഫലമൊന്നും തരാതെ നശിക്കുന്നു. സ്വസ്ഥമായ മനസ്സിനുമാത്രമേ എന്തെങ്കിലും കാര്യമായ സംഭാവന ചെയ്യാൻ സാധിക്കയുള്ളൂ. ഇളകി മറിയുന്ന മനസ്സിനു് ഒന്നും ചെയ്യാൻ സാധിക്കയില്ല. അതു് ഒരിടത്തും സ്ഥിരമായി നില്ക്കുകയില്ല.

ആശങ്കകളാകുന്ന കൊടുങ്കാററു് നമ്മുടെ മനസ്സിനെ മഥിക്കുമ്പോൾ, നിരാശയുടെ ആഴത്തിലേക്കു് മല

പോലെ ഉരുണ്ടുയരുന്ന തിരമാലകൾ നമ്മെ വലിച്ചിഴച്ചുകൊണ്ടുപോകുമ്പോൾ, നാം ആത്മധൈര്യം കൈവിടരുതു്. നമ്മുടെ ഏററം വലിയ രക്ഷാകവചം അതാണെന്നു നാം ധരിക്കണം. പിശറുള്ള കടലിൽ കപ്പലിൻെറ സുരക്ഷിതത്വം നങ്കൂരമാണല്ലൊ. ജീവിതനൗക, കാററിലും കോളിലുംപെട്ടു നശിക്കാതിക്കാൻ ആത്മധൈര്യമെന്ന നങ്കൂരം നമ്മുടെ പക്കൽ ഉണ്ടായിരിക്കണം.

മനസ്സിനെ അലട്ടുന്ന ചിന്തകളും, വികാരങ്ങളും കഴിയുന്നത്ര അകററി നിറുത്തുക. അവ നമ്മുടെ മനസ്സിൽ ഇഴഞ്ഞു കയറിപ്പററാതിരിക്കാൻ ജാഗ്രതയോടിരിക്കുക. സ്വാതന്ത്ര്യത്തിൻെറ വില നിത്യജാഗ്രതയാണു്. ശ്രദ്ധിക്കപ്പെടാത്ത വാതായനങ്ങൾ കള്ളൻെറ രാജവീഥിയാകാൻ ഇടയായേക്കാം. ശാന്തതയുടേയും, സമാധാനത്തിൻേറയും ചിന്തകൾകൊണ്ടുമനസ്സിനെ നിറയ്ക്കുക. ഇങ്ങനെ ചെയ്താൽ നമ്മുടെ ശരീരത്തിൻേറയും മനസ്സിൻേറയും പിരിമുറുക്കം അയയുകയും മനസ്സുസ്വാസ്ഥ്യത പ്രാപിക്കുകയും ചെയ്യും.

മനുഷ്യൻെറ ഏററവും വലിയ ഭാഗ്യവും ആനന്ദവും ദൈവത്തിൻെറതിരുവിഷ്ടം നിറവേററുന്നതിലാണു് അടങ്ങിയിരിക്കുന്നതു്. ദൈവത്തിൻെറ ഇഷ്ടം എന്താണെന്നുഗ്രഹിക്കുന്നതിനും തദനുസരണം പ്രവത്തിക്കുന്നതിനും സ്വാസ്ഥമായ ഒരു മനസ്സു നമുക്കു് ആവശ്യമാണു്. ദൈവത്തെ, കൊടുങ്കാററിൽ കാണില്ല. പ്രത്യുത ശാന്തമായ മന്ദമാരുതനിലെ കാണൂ എന്ന ചൊല്ലു് ഓക്കുന്നതു് നന്നായിരിക്കും.

# 10 ആകാശം ഇരുണ്ടു മൂടുമ്പോൾ

അന്ന് ആകാശം ഇരുണ്ടുമൂടി. ഭൂമി കുലുങ്ങിവിറച്ചു. യേശുനാഥൻ ഉച്ചത്തിൽ നിലവിളിച്ചു. "എന്റെ പിതാവേ, നീ എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു." എല്ലാവരും വിചാരിച്ചു, എല്ലാം അവസാനിച്ചെന്ന്. പക്ഷേ, തീർന്നില്ല. അതു തുടക്കംമാത്രമേ ആയിരുന്നുള്ളൂ. മൂന്നാം ദിവസം അവിടുന്നു വിജയപ്രതാപത്തോടെ ഉയിർത്തെഴുന്നേററു. പിതാവ് തന്റെ തിരുസുതനെ മഹത്വപ്പെടുത്തി.

നമ്മുടെ ജീവിതത്തിൽ കരിനിഴൽ വീഴുന്ന അവസരങ്ങൾ ധാരാളമുണ്ടാകും. പ്രസന്നമായ നമ്മുടെ ജീവിതാന്തരീക്ഷത്തിൽ, യാതൊരു മുന്നറിയിപ്പുംകൂടാതെ കാർമേഘങ്ങൾ ഒന്നിച്ചുകൂടും.

സ്വന്തപ്പെട്ടവരുടെ ആകസ്മികമരണം, ആജീവനാന്തം രോഗശയ്യയിലേക്കു തള്ളിവിടുന്ന മാരക രോഗങ്ങൾ, മരണത്തേപ്പററിയുള്ള അതിരുകടന്ന പേടി. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടല്ലോ, എന്ന വേദന നിറഞ്ഞ ചിന്ത, നാം ആകെ തളർന്നു മുങ്ങുന്ന വെള്ളത്തിൽ, പിടിച്ചു കരപററാൻ ഒരു വയ്ക്കോൽ തുരുമ്പുപോലും കണ്ടുകിട്ടാത്ത അവസ്ഥ. നിരാശയുടെ പടുകുഴിവക്കത്തോളം നാം എത്തിക്കഴിഞ്ഞു.

ആരുണ്ട് നമ്മെ സഹായിക്കാൻ? ആരുണ്ട് നമ്മെ ആശ്വസിപ്പിക്കാൻ? ഉണ്ട്, ആറം നമ്മുടെ അരികിൽ തന്നെയുണ്ട്, ക്രൂശിതനായ ക്രിസ്തു. അങ്ങോട്ടു നമ്മുടെ കണ്ണുകൾ തിരിച്ചാൽമതി ആശ്വാസവും സഹായവും

നാം കണ്ടെത്തും. ഉഗ്രമായ വെയിലിൽ, തണൽ വൃക്ഷം കണ്ടെത്തുന്ന പഥികൻെറ അനുഭവം നമുക്കുണ്ടാകും. ക്രിസ്തുനാഥൻ നമുക്കുവേണ്ടി അനുഭവിച്ച വേദനയുടേയും നിസ്സഹായതയുടേയും, നിഴലിൻെറ നിഴൽപോലുമാകുന്നില്ലല്ലോ നമ്മുടെ യാതനകൾ.

ഉത്ഥിതനായ ക്രിസ്തുവിനെ നോക്കുക. അവിടുന്നു പ്രതാപവാനായി ഉത്ഥാനം ചെയ്തതു് ആർക്കുവേണ്ടിയാണു്? അങ്ങയോടുകൂടെ സഹിച്ചാൽ മഹിമയോടുകൂടിയ ഉയിർപ്പു്, നമ്മുടേതുമായിരിക്കും എന്നു് അവിടുന്നു് ഉറപ്പു് തന്നിട്ടില്ലേ?

കാളരാത്രിക്കപ്പുറം സൂര്യനുണ്ടു്, നമുക്കുവെളിച്ചം തരാനും, നമ്മെ ചുവടുതെററാതെ നയിക്കാനും സ്നേഹസ്വരൂപനായ ദൈവത്തെ സമീപിക്കുക. ദൈവം എല്ലാ കാര്യങ്ങളും നമ്മുടെ ഉത്തമതാല്പര്യങ്ങൾക്കായി ക്രമീകരിക്കുക. കാറിനപ്പുറത്തെ വെളിച്ചത്തിലേക്കു നമ്മുടെ ദൃഷ്ടിതിരിയട്ടെ.

## 11 ദൈവം എൻെറ കൂടെ

ഒരു കുഞ്ഞിൻെറ ആലംബം അതിൻെറ അമ്മയാണു്. അമ്മകൂടെയുള്ളപ്പോൾ അതിനു് സന്തോഷമാണു്. ഒന്നും അതിനെ പേടിപ്പെടുത്തുന്നില്ല. ഒരു കൂട്ടുകാരൻ കൂടെയുണ്ടെങ്കിൽ പ്രതിസന്ധികളെ നേരിടാൻ നമുക്കു ഇരട്ടിയായ ആത്മവിശ്വാസവും ധൈര്യവും ലഭിക്കുന്നു. വിജനമായ ഒരു സ്ഥലത്തുകൂടെ ഒററയ്ക്കു യാത്ര ചെയ്യാൻ നാം മടിക്കുന്നു. ആപത്ശങ്കയാണു് നമ്മെ പേടിപ്പെടുത്തുന്നതു്. കൂട്ടുണ്ടെങ്കിൽ ഭയവും ആശങ്കയും നമ്മെ വിട്ടുമാറും.

വിജനമായ മണലാരണ്യത്തിലെ യാത്രപോലെയാണ് നമ്മുടെ ജീവിതയാത്ര. അനിശ്ചിതത്വം തളം കെട്ടി നിൽക്കുന്നു.

എന്നാൽ സർവ്വശക്തനായ ദൈവം നമ്മോടുകൂടെ എപ്പോഴും ഉണ്ട് എന്ന സത്യം മനസ്സിലാക്കിയാൽ, സുരക്ഷിത മേഖലയിലേക്ക് നാം നീങ്ങിക്കഴിഞ്ഞു. നമ്മെ സഹായിക്കാനും ആശ്വസിപ്പിക്കാനും ദൈവം നമ്മോടൊപ്പമുണ്ട്. ദൈവം നമ്മുടെ സ്നേഹമുള്ള പിതാവാണ്. അവിടത്തെ സ്നേഹത്തിന് അതിർവരമ്പില്ല. ഒരമ്മയുടെ സ്നേഹത്തിന് പരിമിതിയുണ്ട്. അമ്മയുടെ സ്നേഹം, ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിൻെറ നേരിയ നിഴൽമാത്രമേ, ആകുന്നുള്ളൂ. ദൈവം നമ്മോടു കൂടെയുണ്ടെങ്കിൽ നാം ആരെ ഭയപ്പെടണം?

## 12 വിശ്വാസം

നമ്മുടെ ജീവിതം ഒരു നദിപോലെയാണ്—ചിലപ്പോൾ അത് ശാന്തമായും സ്വച്ഛന്ദമായും ഒഴുകും മററുചിലപ്പോൾ അത് കലങ്ങിമറിഞ്ഞു കുത്തിയൊലിച്ചൊഴുകും. ആദ്യത്തെ രൂപം മനോഹരവും ,രണ്ടാമത്തേത് ഭീകരവുമാണ്.

ജീവിത പ്രയാണത്തിൽ സന്തോഷവും ദു:ഖവും നാം അഭിമുഖീകരിക്കേണ്ടിവരും. ചില അവസരങ്ങളിൽ സന്തോഷത്തിൻേറയും സം തൃപ്തിയുടെയും ഉടമകളായിരിക്കും നാം. എല്ലാം ശാന്തം! പെട്ടെന്നു, നിനച്ചിരിയാതെ ഉരുൾ പൊട്ടുന്നു. കരവെട്ടിമുറിച്ചുള്ള വെള്ളപ്പാച്ചിൽ നിമിഷത്തിനുള്ളിൽ കരകുളമാകുന്നു. മലകൾ മൈതാനങ്ങളാകുന്നു. ഒററയടിക്ക് എല്ലാം തകർന്ന തരിപ്പണ

മാകുന്നു. ഭൂഗർഭസ്ഫോടനം നദികളുടെ ഗതിമാററി വിടുന്നതുപോലെ ഓക്കാപ്പുറത്തുണ്ടാകുന്ന വിനകൾ പലരുടെയും ജീവിത ഗതിയിൽ സാരമായ മാററമുണ്ടാക്കുന്നു. ആപത്തുകൾ, രോഗത്തിൻെറ രൂപത്തിലോ, പ്രിയപ്പെട്ടവരുടെ മരണത്തിൻെറരൂപത്തിലോ നമ്മെ എത്തിപിടിക്കുന്നു. നാം അന്തംവിട്ടുപോകുന്നു. നമുക്കു് എങ്ങനെ, എന്തുകൊണ്ടു്, ഇതെല്ലാം വന്നു സംഭവിച്ചു? നാം നീതിനിഷ്ഠരായി ജീവിച്ചവരല്ലേ? മതകർമ്മങ്ങൾ അന്യൂനം പാലിച്ചവരല്ലേ? എന്നിട്ടിപ്പോൾ എന്തു് ഇങ്ങനെ? ദൈവപരിപാലനയെ പരോക്ഷമായിട്ടെങ്കിലും നാം ചോദ്യം ചെയ്യുന്നു.

ഗോത്രപിതാവായ അബ്രാഹത്തോടു ദൈവം വാഗ്ദാനംചെയ്യുന്നു. അദ്ദേഹത്തിൻെറ ഏകപുത്രനായ ഐസക്കിനെ ജനതയുടെ പിതാവാക്കുമെന്നു്. പിന്നീടു ദൈവം അബ്രാഹമിനോടു പറയുന്നു. ബാലനെ ഹോമബലിയായി തനിക്കു സമർപ്പിക്കണമെന്നു്. ആരും തേങ്ങിപ്പോകുന്ന ചുററുപാടു്. അബ്രാഹം ഒട്ടുംപതറിയില്ല, അദ്ദേഹത്തിൻെറ വിശ്വാസത്തിനു് ഒട്ടും കുലുക്കമുണ്ടായില്ല. കുമാരനേയും കൂട്ടിക്കൊണ്ടു മലമുകളിലേക്കു പോയി ഇടറാത്ത കാലുകളോടു കൂടി. ദൈവത്തിൻെറ കല്പനയെ അബ്രാഹം ചോദ്യം ചെയ്തില്ല. നിർജീവമായ കല്ലിൽ നിന്നു ദൈവം തൻെറ വാഗ്ദാനം നിറവേററുമെന്നു അബ്രാഹംവിശ്വസിച്ചു. ദൈവം അബ്രാഹമിൽ സംതൃപ്തനായി, മകനെ പിതാവിനു തിരികെ കൊടുക്കുയുംചെയ്തു. ദൈവ പരിപാലനയിൽ നാം ഉറച്ചു വിശ്വസിച്ചു വ്യാപരിച്ചാൽ നമുക്കു ഒരപകടവുംവരാൻപോകുന്നില്ല എല്ലാം നമ്മുടെ നന്മക്കായിഭവിച്ചു കൊള്ളും നമ്മുടെ ഉറപ്പിൻെറ അടിസ്ഥാനശില വിശ്വാസമായിരിക്കണം. ദൈവത്തിൻെറ ഇഷ്ടദാനമാണ് വിശ്വാസം. വിശ്വസിക്കുന്നവനു് സാധിക്കാത്തതായി ഒന്നുമില്ലെന്നു് ക്രിസ്തുനാഥൻ അസന്നിഗ്ധമായി അരുൾ ചെയ്തിട്ടുണ്ടല്ലൊ?

ദൈവ വചനത്തിൽ മുറുകെ പിടിച്ചുകൊണ്ടു ധൈര്യമായി മുന്നോട്ടുപോകുക. ആദ്യത്തെ ചുവടുവയ്പ്പു പ്രയാസമുള്ളതായിത്തോന്നും—രണ്ടുനാലുചുവടുവെച്ചു കഴിയുമ്പോഠം, മുന്നോട്ടുള്ളപ്രയാണം ആമോദകരമായിത്തീരും.

ദൈവം നമ്മുടെ നല്ല പിതാവാണെന്നും അവിടുന്നു നമ്മെ സ്നേഹിക്കുന്നുണ്ടെന്നുമുള്ള ഉറച്ച വിശ്വാസം നമുക്കു് അളവററ ആശ്വാസവും ധൈര്യവും തരാതിരിക്കുകയില്ല.

## 13 ദൈവത്തിൻെറ ദാനങ്ങൾ

ദിവസംതോറും, മണിക്കൂറുകഠം തോറും, എന്തിനേറെ, നിമിഷങ്ങഠം തോറും, പുഷ്പദളങ്ങഠം ഉതിർന്നു വീഴുന്നതുപോലെയാണ് ദൈവം തൻെറ ദാനങ്ങഠം നമ്മളുടെമേൽ വർഷിക്കുന്നതു്. ഇതൊരു സത്യമാണ്. പലപ്പോഴും നാം ഓർമ്മിക്കാത്തതും ശ്രദ്ധിക്കാത്തതുമായ ഒരു സത്യം. നമ്മുടെ അർഹതയ്ക്കുള്ള ഒരു സമ്മാനമല്ല ഈ ദാനങ്ങളെന്നു നാം ഓർക്കണം.

ഇല്ലാതിരുന്ന അവസ്ഥയിൽ നിന്നു് ഉൺമകൊണ്ടു നമ്മെ അനുഗ്രഹിച്ചു. ബുദ്ധിശക്തിയും അതോടൊപ്പം മററു കഴിവുകളും അവിടുന്നു ഇഷ്ടദാനമായി നമുക്കു തന്നു ഇതിനൊക്കെ നാം എത്രമാത്രം നന്ദികാണിച്ചാൽ മതിയാവും. ദാനങ്ങഠം സ്വീകരിച്ചിട്ടു ദാതാവിനോടു നന്ദി പ്രകടിപ്പിക്കാതിരിക്കുന്നതു് അദ്ദേഹത്തോടുകാണിക്കുന്ന ജുഗുപ്സാവഹമായ അവഹേളനമല്ലാതെ മറെറന്താണ്? അതുപോലെ തന്നെ ദാനങ്ങഠം ദുഷ്പ്രയോഗിക്കുന്നതും പൊറുക്കാൻ പാടില്ലാത്ത നിന്ദയല്ലേ?

നമ്മുടെ ജീവിതം നിരന്തരമായ ഒരുകൃതജ്ഞതാപ്രകരണമായിരിക്കട്ടെ.

## 14 നമ്മുടെ ശക്തി

നമ്മുടെ ശക്തിയേപ്പററി പലപ്പോഴും നാം അജ്ഞരാണ്. വെറും ശാരീരികമായ കാര്യമല്ല ഇവിടെ സൂചിപ്പിക്കുന്നത് പ്രത്യുത നമ്മുടെ ആന്തരിക ശക്തിയെപ്പററിയാണ്. മഹാത്മാഗാന്ധി ശാരീരികമായി ഭീമസേനനൊന്നുമായിരുന്നില്ല. പക്ഷേ, ആന്തരിക സത്തയേ സംബന്ധിച്ചിടത്തോളം അദ്ദേഹം ഭീമസേനൻ തന്നെയായിരുന്നു. തക്കമില്ല. അജയ്യവും അത്ഭുതകരവുമായിരുന്നില്ലേ അദ്ദേഹത്തിൻെറ ആത്മശക്തി ഒരു മഹാ ഭൂഖണ്ഡത്തിലെ ജനങ്ങളെ അടിമത്തത്തിൽനിന്നു് വിമോചിപ്പിച്ച വീരസാഹസിക കഥയല്ലേ അദ്ദേഹം രചിച്ചതു്? തോക്കും കുന്തവും അദ്ദേഹത്തിൻെറ പക്കലുണ്ടായിരുന്നോ? ഇല്ല. ആത്മവീര്യം, അതുമാത്രമായിരുന്നില്ലേ അദ്ദേഹത്തിൻെറ ഏക ആയുധം. എതിർപ്പുകളും പ്രതിബന്ധങ്ങളും വഴിമുടക്കുകളായി ഉയിരെടുത്തു. അദ്ദേഹം അവയെ എല്ലാം തുരുമ്പുപോലെ പരിഗണിച്ചു. മുമ്പോട്ടുവച്ച കാൽ പിമ്പോട്ടു വലിക്കാതെ ദൃഢപ്രതിജ്ഞനായി മുന്നോട്ടുതന്നെ നീങ്ങി, ലക്ഷ്യപ്രാപ്തിയിലെത്തുന്നതുവരെ.

പലപ്പോഴും, അറിഞ്ഞോ അറിയാതെയോ നിഷേധാത്മകമായ ചിന്തകൾ നമ്മേ സ്വാധീനിക്കാറുണ്ടു്. നമ്മുടെ കഴിവുകളേപ്പററിയും ശക്തിയെപ്പററിയും തിട്ടപ്പെടുത്തുന്നതിനു് ഒരുങ്ങാതെ, നമ്മുടെ പരിമിതികളിലും, കഴിവുകേടുകളിലും മാത്രം നാം ഊന്നൽകൊടുക്കുന്നു. തന്നിമിത്തം ഒന്നും പ്രവർത്തിക്കാൻ തൻേറടമില്ലാത്ത മനുഷ്യക്കോലങ്ങളായി നാം തീരുന്നു. നമ്മുടെ ശക്തിമുഴുവൻ ആത്മധൈര്യമാകുന്ന തീനാളത്തിലാണു്. ദൈവം

നമുക്കു നൽകിയിട്ടുള്ള ഒരു വലിയ ദാനമാണിതു്. പ്രസ്തുത ദീപനാളം അണഞ്ഞുപോകാതെ എപ്പോഴും ജ്വലിച്ചു കൊണ്ടിരിക്കാൻ സദാ നാം ശ്രമിച്ചുകൊണ്ടിരിക്കണം നമ്മുടെ ഒരു വലിയ ചുമതലയും കൂടെയാണിതു്. തീനാളം അണയാൻ വലിയ കൊടുങ്കാററൊന്നും വേണമെന്നില്ല. ആത്മവിശ്വാസത്തോടെ ജീവിതം നയിക്കാനാണു് ഈ വിശേഷശക്തി ദൈവം നമുക്കു നൽകിയിരിക്കുന്നതു്.

ജീവിതയാത്രയിൽ നമുക്കു് നേരിടേണ്ടി വരുന്ന പ്രതിബന്ധങ്ങളേയും ക്ലേശങ്ങളേയും വീറോടെ നേരിടുന്നതിനു് ആത്മധൈര്യം അത്യാവശ്യമാണു്. നമ്മുടെ പരിമിതികളേപ്പററിയുള്ള അതിരുകടന്ന ചിന്തകളും ആകാംക്ഷയും നമ്മുടെ ആത്മവീര്യത്തെകെടുത്തിക്കളയും.

ആത്മവിശ്വാസം ഉദ്ദീപിപ്പിക്കുന്നതിനു് ദൈവത്തിൻെറ അനന്തമായ പരിപാലനയേപ്പററി നാം പലപ്പോഴും ചിന്തിക്കണം. അപ്പോഠം നമുക്കു് ആത്മവിശ്വാസം ഉളവാകും, നമ്മിലുള്ള ദൈവത്തിൻെറ ശക്തി നമ്മുടെ എല്ലാപ്രയാസങ്ങളേയും പ്രശ്നങ്ങളേയും മറികടക്കാൻ സഹായിക്കും. നാം ഒററപ്പെടുകയില്ല; വഴിയിൽ തളൎന്നു് വീഴുകയുമില്ല. ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കും.

## 15 ദൈവത്തിൻെറ സംരക്ഷണയിൽ

ദുർബലൻ, എന്നും, എവിടേയും, എപ്പോഴും ബലവാൻെറ സംരക്ഷണം തേടുന്നു. അതു് വെറും സ്വാഭാവികം മാത്രമാണു്. അശക്തൻെറ നിലനില്പുപോലും

ശക്തനെ ആശ്രയിച്ചാണല്ലൊ. ഒരു കുഞ്ഞിന് ബാല്യദശയിൽ അതിൻെറ തള്ളയെ എത്രമാത്രം ആശ്രയിക്കേണ്ടിയിരിക്കുന്നു. വളർച്ചയുടെ ഓരോ ഘട്ടത്തിലും അമ്മയുടെ കരങ്ങളാണ് കുഞ്ഞിൻെറ ആശ്രയം.

ദൗർബല്യം മനുഷ്യൻെറ കൂടപ്പിറപ്പാണ്. അവൻെറ ജീവിതയാത്രയിൽ അവനു നേരിടാനുള്ള ശത്രുക്കളും, പ്രതിബന്ധങ്ങളും നിരവധിയാണ്. പ്രലോഭനങ്ങൾ തിരമാലകണക്കു് ആഞ്ഞടിക്കുമ്പോൾ അവയെ നേരിടുന്നതിനു് ശക്തിയും കരുത്തും അവനു് ആവശ്യമാണ്. സ്വർഗ്ഗരാജ്യത്തേക്കുള്ള വഴി പൂക്കൾ വിതറിയ ഒന്നല്ല. വഴി ഇടുങ്ങിയതും സുഖസഞ്ചാരത്തിനു പററിയതുമല്ല. ഈ സത്യം സംശയരഹിതമായ ഭാഷയിൽത്തന്നെ ക്രിസ്തുനാഥൻ ഉത്ബോധിപ്പിച്ചിട്ടുമുണ്ടു്.

ദുർഘടം പിടിച്ച ഈ തീർത്ഥയാത്രയിൽ, വഴിയിൽ തളർന്നുവീണ് മരിച്ചുപോകാതിരിക്കാൻ, നമ്മെ താങ്ങാൻ ശക്തമായ കരങ്ങൾ ആവശ്യമാണ്. വഴിയുടെ ദൈർഘ്യവും, പരുപരുപ്പും നമ്മേ, നിരാശരാക്കിയേക്കാം. ഇടിമണലിൽ കാലൂന്നുന്നതുപോലുള്ള അനുഭവം നമ്മെ പേടിപ്പെടുത്തും മുന്നോട്ടു് ഒരടി വയ്ക്കാൻ നാം ശങ്കിക്കും. അഗാധത്തിൽനിന്നു അഗാധത്തിലേക്കു് എന്ന തോന്നൽ നമ്മെ ഗ്രസിച്ചാൽ അതു് നമ്മുടെ ജീവൻ രക്തം മുഴുവനും ഊററിക്കുടിക്കും. നിഷ്ക്രിയത്തത്തിൻെറ പിടിയിൽ അമർന്ന് നാം നശിക്കും. ഇങ്ങനെ നശിക്കാനോ, നശിപ്പിക്കാനോ ഉള്ളതല്ല ജീവിതം—പ്രശ്നങ്ങൾ ചെറുതായാലും, വലുതായാലും, മർത്ത്യജീവിതത്തിൻെറ അവിഭാജ്യഘടകമാണതെന്നു നാം ധരിക്കണം, പ്രശ്നങ്ങളിൽ നിന്നു ഓടി ഒളിക്കാമെന്നു കരുതുന്നതു് മൂഢത്വമാണു്. അവയെ, ധൈര്യമായി നേരിടാൻ ശ്രമിക്കുന്നതാണു് യഥാർത്ഥമായ പ്രതിവിധി.

യുദ്ധക്കളത്തിൽ നാം ഒററയ്ക്കല്ല. നമ്മെ എപ്പോഴും സഹായിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും, ബലവാനായ കർത്താവു് നമ്മോടുകൂടെയുണ്ടു് അവിടുന്നായിരിക്കട്ടെ നമ്മുടെ അഭയവും സങ്കേതവും.

ST. ANTONY'S MONASTERY
3048
Phone: 3140
ALWAYE

## 16 പ്രാർത്ഥനയുടെ ശക്തി

മർത്ത്യജീവിതത്തെ സംഫുല്ലമാക്കുന്ന ഒരു ദിവ്യശക്തിയാണ് പ്രാർത്ഥന. നമ്മുടെ ഹൃദയത്തിന്റെ അടിത്തളത്തിൽനിന്നു നിരന്തരം നിർഗ്ഗളമായി നിഷ്ക്രമിക്കുന്ന, ദൃഷ്ടിഗോചരമല്ലാത്ത ഒരു ചൈതന്യവിശേഷമാണതു്. ഒരു കുഞ്ഞു് അതിന്റെ അമ്മയുടെ സാമീപ്യം സദാകാംക്ഷിക്കുന്നു. ചിലപ്പോൾ ആ കുഞ്ഞ് അമ്മയെ ശബ്ദമുയർത്തി വിളിക്കുന്നു. അങ്ങനെ വിളിക്കാത്തപ്പോഴും അതിന്റെ മനോദൃഷ്ടി അമ്മയുടെ നേർക്കായിരിക്കും. ഇതുപോലെ തന്നെ മനുഷ്യഹൃദയം അതിന്റെ ഉടയവനായ ദൈവത്തിലേക്ക് നിരന്തരം ആകർഷിക്കപ്പെടുന്നു. പ്രസ്തുത ആകർഷണം ബാഹ്യരൂപത്തിൽ പ്രകടമാകുമ്പോൾ അതു വാചാപ്രാർത്ഥനയായി. പലപ്പോഴും ഈ ബാഹ്യപ്രകടനംവഴിയാണ് നാം ദൈവത്തെ ആരാധിക്കുന്നതും, നമ്മുടെ സ്നേഹം പ്രകടമാക്കുന്നതും. എന്നാൽ ഇതിലും ശ്രേഷ്ഠവും, ലളിതവുമായ ഒരു പ്രാർത്ഥനാരീതിയുണ്ട് അതു് ശബ്ദരഹിതമാണ്, പക്ഷേ, അതിവാചാലമാണ്. ഹൃദയങ്ങൾ തമ്മിലുള്ള സംസർഗ്ഗം, അഥവാ സംസാരം.

ഒരു കുഞ്ഞ് അതിന്റെ തള്ളയോട്ട് സംസാരിക്കുന്നതു് ഒരു പ്രത്യേക പാഠപദ്ധതി അനുസരിച്ചോ, പ്രത്യേകശൈലി ഉപയോഗിച്ചോ അല്ലല്ലോ? അവിടെ വ്യാകരണത്തിന്റെ നിബന്ധനകളൊന്നുമില്ല— ലളിതവും, സുന്ദരവുമായ ഹൃദയത്തിന്റെ ഭാഷയിലൂടെ അവർ ആശയങ്ങൾ കൈമാറുന്നു. അമ്മയും കുഞ്ഞും പരസ്പരം നോക്കുന്നു. ഹൃദയത്തിന്റെ ഭാഷ അവിടെ ജനിക്കുന്നു. അവർ പരസ്പരം മനസ്സിലാക്കുന്നു.

കുഞ്ഞിനു് അതിന്റെ നിസ്സഹായാവസ്ഥ അറി യാം— അതുപോലെതന്നെ അമ്മയുടെ ശക്തിയേപ്പററി യും അതിനു് ബോദ്ധ്യമുണ്ടു്. അമ്മ സമീപമുള്ളപ്പോറം തന്റെ സുരക്ഷിതത്തെപ്പററി അതിനു് ഒരാശങ്കയുമില്ല. അമ്മയുടെ കൈയിൽ എല്ലാം ഭദ്രം! പിന്നെ എന്തിനു ഭയം? എന്തിനു് ആകുലത?

ദൈവത്തോടുള്ള നമ്മുടെ സമീപനവും ഇതുപോലെ ആയിരിക്കണം. നമ്മുടെ ഹൃദയത്തട്ടിൽ ദൈവസാമീ പ്യത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ കെട്ടടങ്ങാതെ കിട ക്കണം. ലൗകീക വ്യാപാരങ്ങറം തീക്കനലിനെ ചാരം പൊതിഞ്ഞു മറയ്ക്കുന്നതുപോലെ, മറച്ചാലും, ചാരം ഊ തിമാററി തീക്കനലിനെ ജ്ജ്വലിപ്പിക്കാനുള്ള ഉപാധി യാണു് പ്രാർത്ഥന. പ്രാർത്ഥനവഴി ദൈവസ്നേഹം നമ്മിൽ ഉജ്ജ്വലിക്കുന്നു. നാം ദൈവത്തിനു് പ്രിയമുള്ള മക്കളായിത്തീരുകയും ചെയ്യുന്നു.

കലങ്ങിമറിയുന്ന മനസ്സിനെ ശാന്തമാക്കാൻ, പ്രാ ത്ഥനപോലെ സുനിശ്ചിതമായ ഔഷധം വേറെ ഒന്നുമില്ല. വൈദ്യശാസ്ത്രം നിശ്ശേഷം തോൽവിയടഞ്ഞി ടത്തു് പ്രാത്ഥന വിജയം നേടിയ കഥകറം എത്രയെത്ര!!

പ്രാത്ഥന ഏതാനും വാക്കുകളുടെ ഉരുവിടലല്ല. പ്രത്യുത ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും നിർഗമി ക്കുന്ന ആത്മാർത്ഥമായ സ്പന്ദനങ്ങളാണു്. പ്രസ്തുതസ്പന്ദ നങ്ങറം വാഗ്രൂപേണ പൊട്ടിവിടരുമ്പോറം അവ സു രഭിലമായ കുസുമങ്ങളായിത്തീരുന്നു. ''കത്താവേ, നി ന്റെ രാജ്യത്തിൽ നീ അണയുമ്പോറം എന്നേയും ഓക്ക ണമേ'' എന്നഭ്യർത്ഥിച്ച നല്ലകള്ളന്റെ പ്രാർത്ഥന ഇത്ത രത്തിലുള്ള സുന്ദരമായ ഒരു പൂവായിരുന്നു, നമ്മുടെ മന സ്സിനേയും, ശരീരത്തേയും സന്തുലിതാവസ്ഥയിൽ കോ ത്തിണക്കി, നമ്മുടെ ബലഹീനമായ മനുഷ്യപ്രകൃതിയെ ശക്തിപ്പെടുത്തി ഉയരങ്ങളിലേയ്ക്കു് എത്തിക്കുന്ന പ്രതി ഭാസമാണു് പ്രാർത്ഥന. നമ്മുടെ വ്യക്തിത്വത്തേ പരി

പോഷിപ്പിച്ച് സജീവമാക്കുന്നതും പ്രാർത്ഥനയാണ്. നമ്മുടെ ജീവിതത്തിനു ലക്ഷ്യവും അർത്ഥവും അതു് പ്രദാനം ചെയ്യുന്നു.

വഴിപോക്കർ എങ്ങും തങ്ങാതെ നടന്നു പോകുന്നു. അതുപോലെ മിന്നിമറയുകയും ചെയ്യുന്നു. ലക്ഷ്യബോധമുള്ള മനുഷ്യർ വിലപ്പെട്ടതെന്തെങ്കിലും ലോകത്തിനു് കാഴ്ചവെച്ചിട്ടേ ഈ മണ്ണിൽ നിന്നും തിരോധാനം ചെയ്കയുള്ളൂ, ശ്രദ്ധിമാന്മാരും, ശ്രദ്ധിമതികളും ഇതു് ചെയ്യുവരാണ്, പ്രാർത്ഥനവഴി ലഭിച്ച ഊർജ്ജമാണ് അവരെ ഇതിനുവേണ്ടി പ്രേരിപ്പിച്ചതും, ശക്തരാക്കിയതും.

നമ്മുടെ വ്യക്തിത്വം വളർത്തുന്നതിനും പരിപുഷ്ടിപ്പെടുത്തുന്നതിനും നാം നിരന്തരം പ്രാർത്ഥിക്കണം. പ്രാത്ഥന നമ്മുടെ രണ്ടാം സ്വഭാവമായിത്തീരണം. പ്രാത്ഥന, സ്ഥല, കാല, സമയ ബന്ധിതമാക്കേണ്ട കാര്യമില്ല. ഏതുസമയത്തും, ഏതുസ്ഥലത്തും, ഏതവസരത്തിലും നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ മനസ്സിനെ ദൈവസന്നിധിയെ ലക്ഷ്യമാക്കിവച്ചാൽ മാത്രംമതി. നമ്മുടെ ഹൃദയസ്പന്ദനങ്ങളും ശ്വാസോഛ്വാസം പോലും പ്രാർത്ഥനയായി പകർത്താൻ നമുക്കു കഴിയും.

ദൈവത്തിൻെറ ചൈതന്യം നമ്മിൽ വളർത്താനും, അതു് മററുള്ളവരിലേക്ക് പകരാനും അങ്ങനെ ഇരുളടഞ്ഞ ലോകത്തിനു് സേവനം ചെയ്യാനും സാധിക്കുന്നതു് ഒരു വലിയ നേട്ടമല്ലേ?

## 17 സംതൃപ്തി

നമ്മുടെ ജീവിതത്തെ കാര്യമായി സ്പർശിക്കുന്ന ഒരു വിശിഷ്ടഗുണമാണ് സംതൃപ്തി. ഇതു് നമ്മുടെ ജീവിതത്തിനു് നിറവും ഓജസ്സും നൽകുന്നു. സുരഭിലമായ ഒരു പുഷ്പത്തിൻെറ പക്കലേയ്ക്കു് നാം ഓടി അടുക്കുന്നു. അതിൻെറ ലാളിത്യത്തിനും നിറക്കൂട്ടിനും, സൗരഭ്യത്തിനും അത്രയ്ക്കും വശ്യശക്തിയുണ്ടു്– ആരും നിർബ്ബന്ധിക്കേണ്ടാ അതിൻെറ പക്കലേക്കുചെല്ലുവാൻ– ഇതുപോലുള്ള ഒരു വശ്യശക്തിയാണു് സംതൃപ്തനുള്ളതു്– അയാളുടെ പക്കലേക്കു് നാം അറിയാതെതന്നെ നമ്മുടെ കാലുകൾ നമ്മെ സംവഹിക്കും– സംതൃപ്തനായ ആളിൻെറ മുഖം എപ്പോഴും പ്രസാദാത്മകമായിരിക്കും. തുറന്നമനസ്സും, പുഞ്ചിരിക്കുന്നവദനവും, തെളിഞ്ഞകണ്ണുകളും സമാകർഷകമായ പെരുമാററവും അയാളുടെ ഏററവും വലിയ സ്വത്താണു്. ഇവയുടെ എല്ലാം ഉറവിടം സംതൃപ്തമായ ഒരു ഹൃദയമാണു്.

അസംതൃപ്തൻെറ രൂപവും, ഭാവവും, മനസ്സിലെ അസംതൃപ്തിയും, സംഘർഷവും അയാളുടെ മുഖത്തു കാണാം– പ്രസാദമില്ലാത്തമുഖം, രൂക്ഷമായനോട്ടം, ലോകത്തെമുഴുവനും വെറുക്കുന്നരീതിയിലുള്ള ഭാവപ്രകടനം. എല്ലായ്പ്പോഴും അസംതൃപ്തിയുടെ ദുർമുഖമേ, അയാൾക്കു കാണിക്കാനുള്ളൂ. സ്വർഗ്ഗത്തിലെ കട്ടുറുമ്പാണയാൾ. അടുത്തിടപെടുന്നവരെയെല്ലാം വെറുപ്പിക്കും. എല്ലാവരോടും, എല്ലാത്തിനോടുമുള്ള രോഷമാണു് അയാളുടെ മുഖമുദ്ര.

ശാന്തിയും സമാധാനവുമുള്ളിടത്തു കൊടുങ്കാററു സൃഷ്ടിക്കയാണ് അതൃപ്തന്റെ തൊഴിൽ. നേരെമറിച്ച് സംതൃപ്തിയുള്ളവൻ ഏതു സാഹചര്യത്തിലും സന്തുഷ്ടനാണ്, സന്തോഷവും ദുഃഖവും തുല്യമനോഭാവത്തോടെ അയാഠം സ്വീകരിക്കുന്നു- നല്ല കാലത്ത് മദിച്ചയന്ന് ആകാശംവരെ ഉയരുകയോ, ക്ലേശകാലത്തു തളന്ന് അവശനായി നിരാശയുടെ കുഴിയിൽ നിപതിക്കയോ ചെയ്യുന്നില്ല. ജീവിതത്തിൽ ചിട്ടയും ക്രമവുമുണ്ട്, അധികപ്പററ് ഒന്നിലുമില്ല. സംതൃപ്തിയുള്ളവൻ കാരിരുമ്പിനെപ്പോലും സ്വർണ്ണമാക്കുന്നു. കരിനിഴലിലും രജതരേഖ കാണാനുള്ള കഴിവാണ് അയാളുടെ ആത്മസംതൃപ്തിയുടെ ഉറവിടം. ക്ലേശങ്ങളും, ബുദ്ധിമുട്ടുകളും അയാഠംക്കില്ലാഞ്ഞിട്ടല്ല. പക്ഷേ, കണ്ണുനീർത്തുള്ളികളിലൂടെ സുന്ദരമായ മഴവില്ലുകാണാൻ അയാഠം ശ്രദ്ധിക്കുന്നു. തന്മൂലം അയാളുടെ ജീവിതം ധന്യമാക്കാൻ അയാഠംക്കു കഴിയുന്നു. സമാധാനവും സന്തുഷ്ടിയും മററുള്ളവരിലേക്ക് പ്രസരിപ്പിച്ചുകൊണ്ട് അവരുടെ ജീവിതവും അയാഠം ധന്യമാക്കുന്നു.

## 18 ആശ്രമ ഭിത്തിയിലെ കുറിപ്പ്

1) എന്റെ ആത്മാവേ, സമാധാനമായിരിക്കു- സമയത്തിനു അതിരുണ്ട് അതിർത്തിക്കപ്പുറം അത് നീളുകയില്ല.

2) സമയമെന്നത് നിത്യതയല്ല.

3) വേദന കുറച്ചുനേരത്തേക്കുമാത്രം; സമ്മാനമോ, എന്നും, എന്നേക്കും.

ഫ്രാൻസിലെ ഒരാശ്രമഭിത്തിയിൽ ആലേഖനം ചെയ്തിരിക്കുന്ന വാകൃങ്ങളാണിതു്.

ചിന്തോദ്ദീപകവും ആശ്വാസദായകവുമാണു് പ്രസ്തുത വാകൃശകലങ്ങൾ എന്നതിനു യാതൊരു സംശയവുമില്ല. വിവിധങ്ങളായ ജീവിതമണ്ഡലങ്ങളിൽ, വിവിധങ്ങളായ, യാതനകളും ബുദ്ധിമുട്ടുകളും മനുഷ്യനെ തേടിപിടിക്കുന്നു; അവൻെറ സ്വൈരജീവിതത്തെ അലോസരപ്പെടുത്തുന്നു, ബുദ്ധിമുട്ടുകളേയും, പ്രയാസങ്ങളേയും ആരും കൈനീട്ടി സ്വീകരിക്കയില്ല. ആരാണു് രോഗത്തിൻെറ പിടിയിൽ അമർന്നു് ജീവിക്കാൻ ആഗ്രഹിക്കുന്നതു്? പലരും മരണത്തെപ്പററി ഭയാശങ്കകളോടെയല്ലേ ചിന്തിക്കുന്നതു്? രോഗവും മരണവും നഷ്ടബോധം നമ്മിൽ ഉളവാക്കുന്നു. നാം കാര്യമായി കരുതുന്നതെല്ലാം, രോഗവും മരണവും അപഹരിക്കുന്നു. രോഗം, ആരോഗ്യത്തേയും, മരണം, ജീവനേയും.

എല്ലാമനുഷ്യരും ആഗ്രഹിക്കുന്നതു് ഊനമില്ലാത്ത സ്വാസ്ഥതയാണു്, ജവിക്കാനുള്ള അഭിലാഷവും ഉത്തേജനവും നൽകുന്നതു് മനസ്സിൻെറ സ്വാസ്ഥതയാണു്. ക്ലേശങ്ങളുടെ കാഠിന്യമനുസരിച്ചു് നമ്മുടെ ഉൽക്കണ്ഠയുടേയും ആശങ്കയുടേയും തോതുവദ്ധിക്കും. ''വരുന്നതൊക്കെയും വളന്ന ദുഃഖങ്ങൾ'' എന്നസത്യം നമ്മെ തുറിച്ചുനോക്കും. നമ്മുടെ മനസ്സു് ഉലഞ്ഞുതളന്നവശാകും— കാട്ടിൽ വഴിതെററിയ സ്ഥിതിയായിരിക്കും നമ്മുടേതു്, പുറപ്പെട്ട സ്ഥാനത്തു് വീണ്ടും വീണ്ടും എത്തുക!

ഈ ഘട്ടത്തിലാണു് ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും ആത്മധൈര്യവും നാം വർദ്ധിപ്പിക്കേണ്ടതു്. ആശ്രമഭിത്തിയിലെ ലിഖിതത്തിൻെറ പ്രസക്തി ഇങ്ങനെയുള്ള അവസരങ്ങളിലാണു്, ഒന്നാംതരം ടോണിക്കായിരിക്കും അതു്, നമ്മുടെ തളർന്നമനസ്സിനു്, വഴിനടന്നു തളർന്നമനുഷ്യനു് തൻെറ ലക്ഷ്യസ്ഥാനത്തെത്താൻ കുറച്ചുദൂരം മാത്രമേയുള്ളു എന്നറി

ഞ്ഞാൽ എത്ര ആശ്വാസവും സന്തോഷവുമായിരിക്കും. തൻെറ സഹനത്തിനു് അറുതി ഉടനെ തന്നെ ഉണ്ടാകുമെന്നറിഞ്ഞാൽ രോഗിക്കു് എത്ര ആശ്വാസവും സന്തോഷവും ഉളവാകുന്നു. കായികമത്സരത്തിൽ വിലപ്പെട്ടസമ്മാനമുണ്ടെന്നറിഞ്ഞാൽ, പ്രസ്തുതസമ്മാനം കരസ്ഥമാക്കാൻ ഏതുകായികാഭ്യാസിയാണു് തൻെറ ശരീരത്തിൻെറ അവസാനത്തുള്ളി ശക്തിവരെ വലിച്ചെടുക്കാത്തതു്? ക്ലേശമില്ലാഞ്ഞിട്ടാണോ? വലിയ നേട്ടം മുന്നിൽ കണ്ടിട്ടല്ലേ? നമ്മുടെ ദുഃഖദുരിതങ്ങൾ കുറച്ചുനാളത്തേക്കു് മാത്രം, പിന്നെ അവസാനമില്ലാത്ത സ്വർഗ്ഗസൗഭാഗ്യം!!

സമയബന്ധിതമായ ഒരു ലോകത്താണു് ഇപ്പോൾ നാം കഴിഞ്ഞുകൂടേണ്ടതു്. സമയത്തിൻെറ ബന്ധനത്തിൽ കുരുക്കപ്പെട്ടജീവിതം ഇവിടെ നമുക്കു വിധിക്കപ്പെട്ട സമയം കഴിഞ്ഞാൽ ശൂന്യതയിലേക്കല്ല നാം പോകുന്നതു്. പ്രത്യുത, നിത്യസുന്ദരമായ അനന്തതയിലേക്കാണു്. മരണം അവിടെ എത്തുകയില്ല. അവിടെ എല്ലാം ഭദ്രം, ആനന്ദമയം! സ്വർഗ്ഗപിതാവിൻെറ തിരുമുഖദർശനത്തിൽ നാം ആനന്ദിച്ചു ജീവിക്കും. "ഇപ്പോൾ നിങ്ങൾ കരയുകയും, വിലപിക്കയും ചെയ്യും, എന്നാൽ നിങ്ങളുടെ കരച്ചിൽ സന്തോഷമായിമാറും" എന്ന ക്രിസ്തുനാഥൻെറ വചനങ്ങൾ എത്ര സമാശ്വാസകമാണു്.

താന്താങ്ങളുടെ കുരിശും പേറി, തന്നെ അനുഗമിക്കാൻ ഉദ്ദേശിച്ച ക്രിസ്തുനാഥൻ ഉപദേശിക്കുക മാത്രമല്ല ചെയ്തതു്. ഭാരമേറിയ മരക്കുരിശും തോളിലേററിക്കൊണ്ടാണു് തൻെറ ബലിപൂർത്തിയാക്കാൻ കാൽവരിയിലേക്കു് അവിടുന്നു് നീങ്ങിയതു്. തൻെറ പുത്രൻെറ ആത്മബലിയിൽ സംതൃപ്തനായ പിതാവു് പുത്രനെ തിരുവുത്ഥാനത്താൽ മഹത്വപ്പെടുത്തി മിശിഹായോടൊപ്പം മരിച്ചാൽ നമുക്കും ഉയിർത്തെഴുന്നേൽക്കാം.

പ്ലോറം ആറാമൻെറ വാക്കുകൾ സ്മരണീയമാണു്. "പീഡകൾ, ഉപയോഗ ശൂന്യമോ, വിലയില്ലാത്തതോ

ആണെന്നു ധരിക്കരുതു്. നമ്മുടെ വേദനകൾ ക്രിസ്തുവിന്റെ പീഡാസഹനത്തോടു് ചേർക്കുമ്പോൾ അതിനു് നിസ്തുലമായ വിലയുളവാകുന്നു— പരിഹാരത്തിന്റേയും, രക്ഷണീയത്തിന്റേയും.'' വി. പൌലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക: ''അതുകൊണ്ടു് എന്റെ പ്രിയ സഹോദരരേ ദൃഢചിത്തരായിരിക്കുവിൻ, അചഞ്ചലരായിരിക്കുവിൻ; നിങ്ങളുടെ അധ്വാനം ഒരിക്കലും നിഷ്ഫലമാവുകയില്ല, എന്നു ധരിച്ചു് കർത്താവിന്റെ പ്രവൃത്തിയിൽ വ്യാപൃതനായിരിക്കുവിൻ.'' (1 കൊ. 15–58)

## 19 കാത്തിരുപ്പു്

കാത്തിരുപ്പു് അത്ര സുഖമുള്ള കാര്യമല്ല. ആരും അതു് ഇഷ്ടപ്പെടുന്നില്ല. കാത്തിരുപ്പു നീണ്ടു നീണ്ടു പോകുന്നതിനോടൊപ്പം നമ്മുടെ ക്ഷമയുടെ നീളവും കുറയുന്നു. അതു് നമ്മെ ശുണ്ഠിപിടിപ്പിക്കും. നമ്മുടെ ആവശ്യങ്ങൾ നിമിഷത്തിൽ സാധിച്ചുകിട്ടണമെന്നേ നമുക്കു ചിന്തയുള്ളൂ. മററുള്ളവരുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നമ്മെ അലട്ടുന്നില്ല— അതു് നമ്മുടെ പ്രശ്നമല്ലല്ലോ? നമ്മുടെ പ്രശ്നം നമ്മുടെ ആവശ്യങ്ങൾ നിമിഷത്തിനുള്ളിൽ സാധിച്ചുകിട്ടുകയെന്നതു മാത്രം.

അക്ഷമതയുടെ എത്ര രംഗങ്ങൾ നാം അനുദിനം സൃഷ്ടിക്കുന്നു. അടുക്കളമുതൽ, രാജധാനിവരെപ്പോകും നമ്മുടെ അക്ഷമതയുടെ അലകൾ. ഭക്ഷണം രുചികരമായില്ലെങ്കിൽ, അഥവാ അല്പം താമസിച്ചുപോയെങ്കിൽ ബഹളമായി— ശകാരത്തിൽനിന്നുതുടങ്ങി കയ്യേററംവരെ ചിലപ്പോൾ അതു് എത്താറില്ലേ? ഫലം എന്താണു്? കുടുംബസൈ്വരൃത്തിന്റെ അടിത്തറ പൊട്ടിക്കഴിഞ്ഞു.

ആശുപത്രികഠം, സക്കാരാഫീസുകഠം, ബസ്സ്സ്റ്റാൻഡ് എന്നിവടങ്ങളിലെല്ലാം മണിക്കൂറുകളോളം നില്ക്കേണ്ടിവരുന്ന സന്ദർഭങ്ങളുണ്ടാകാം. ശുണ്ഠിഎടുത്തിട്ട് ഒന്നും നേടാൻ പോകുന്നില്ല. രക്തസമ്മർദ്ദം വദ്ധിപ്പിക്കാമെന്നു മാത്രം നമ്മുടെ ആഗ്രഹം എല്ലാവരും നമ്മെ ഓചരാനിച്ചുനിന്നുകൊള്ളണമെന്നാണ്. നമ്മെ ക്ഷോഭിപ്പിക്കുന്നത് സ്വാർത്ഥതയും, അഹംഭാവവുമല്ലാതെ മറെറാന്നുമല്ല. മററുള്ളവരുടെ അവകാശങ്ങളേയും താൽപ്പര്യങ്ങളേയും പുഛരിച്ചുതള്ളുന്നവരാണ് ഇക്കൂട്ടർ— ഇക്കൂട്ടരുടെ ദൃഷ്ടിയിൽ മററുള്ളവർക്ക് ഒരു നിലയും വിലയും ഇല്ല. ഇവരുടെ ഔദാര്യം കൊണ്ടുമാത്രം ജീവിക്കുന്നവരാണ് മററുള്ളവരെല്ലാം എന്നാണ് ഇവരുടെ ഭാവം. സഹിഷ്ണുത എന്താണെന്ന് ഇവക്ക് അറിഞ്ഞുകൂടാ. അതുമായി പരിചയപ്പെടാനുള്ള സന്മനസ്സും ഇവർക്കില്ല. ഇവർ ഒരുവക വെള്ളം കലക്കികളാണ്. ഇവർ സമാധാനമായി ഇരിക്കുന്നില്ല. മററുള്ളവരെ സമാധാനത്തിൽ കഴിയാൻ അനുവദിക്കയുമില്ല. ഉദ്ദിഷ്ടകാര്യം സാധിക്കണമെങ്കിൽ നാം സ്വയം നിയന്ത്രിച്ച് ക്ഷമയോടെ കാത്തിരിക്കണം.

നാം ദൈവത്തോടു പ്രാത്ഥിക്കുന്നു. ചില പ്രത്യേക കാര്യങ്ങഠക്കായി, ചിലപ്പോഠ നീണ്ടമൗനമായിരിക്കും. അല്ലെങ്കിൽ മനം മടുപ്പിക്കുന്ന ഉത്തരമായിരിക്കും. ഉടനെ നാം വെറളിപിടിക്കുന്നു. ദൈവത്തിലുള്ള വിശ്വാസം പതറുന്നു, നാം ദൈവത്തോടുകോപിക്കുന്നു. തെററായ ഒരു സമീപനമാണിതു്; വരും വരായ്കകഠ സവ്വജ്ഞനായ ദൈവത്തിനുമാത്രമേ അറിഞ്ഞുകൂടൂ. നമ്മുടെ അഭ്യത്ഥന നമുക്കു വിന വരുത്തുമെങ്കിൽ ദൈവം അതു തരികയില്ല— മററു ചിലപ്പോഠ അഭ്യർത്ഥന ലഭിക്കും, പക്ഷേ കാലതാമസമുണ്ടായെന്നു വരും. കത്തിജ്വലിക്കുന്ന തീ നാളം പൂവാണെന്ന് വിഭ്രമിച്ച്, അതു കൈയിലെടുക്കാൻ ശ്രമിക്കുന്ന കുഞ്ഞിനെ തള്ള തടയുകയില്ലേ?

ഒരു കാര്യം കൂടെ ഓക്കുന്നതു നന്നായിരിക്കും. ദാനങ്ങഠ ലഭിക്കുന്നതിനു് ദാതാവിൻെറ സൗകര്യവും കൂടെ

കണക്കിലെടുക്കണമല്ലൊ? ദാനങ്ങരം പിടിച്ചുപററാവുന്നവയല്ല. കാത്തിരിപ്പു് അനിവാര്യമാണു്. നമ്മുടെ പ്രാർത്ഥനയ്ക്കു ഉടനെ മറുപടി ഉണ്ടായില്ലെന്നുവച്ചു നാം ശുണ്ഠിപിടിക്കേണ്ട കാര്യമില്ല. മനസ്സിനെ നിയന്ത്രിച്ചു ക്ഷമയോടെ കാത്തിരിക്കുക.

ദൈവം നമ്മുടെ നല്ല പിതാവാണെന്നും, നമ്മുടെ കാര്യങ്ങളിൽ നമ്മേക്കാരം തല്പരനാണെന്നും ഉറച്ചുവിശ്വസിക്കുക. ഈ വിശ്വാസം നമുക്കുണ്ടെങ്കിൽ കാത്തിരുപ്പു്, ആയാസകരമായി അനുഭവപ്പെടുകയില്ല. പ്രകാശം സാവധാനം നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും ഹൃദയത്തെ സാന്ത്വനപ്പെടുത്തുകയും ചെയ്യും.

## 20 പ്രതിജ്ഞകൾ

പ്രതിജ്ഞകരം അഥവാ തീരുമാനങ്ങരം എടുക്കുന്നതിൽ നാം വലിയ താല്പര്യം കാണിക്കാറുണ്ടു്. മദ്യപൻ, മദ്യം തൊടുകയില്ലെന്നും, പുകവലിക്കാരൻ പുകവലി പാടെ ഉപേക്ഷിച്ചെന്നും ഒരു സുപ്രഭാതത്തിൽ പ്രതിജ്ഞയെടുക്കുന്നു. തികഞ്ഞ ആത്മാർത്ഥതയോടെ ആയിരിക്കും പ്രസ്തുത പ്രതിജ്ഞയെടുക്കുന്നതു്. ഉത്തമബോധ്യവും അതിന്റെ പിന്നിലുണ്ടാവാം.

പക്ഷേ, മാസം ഒന്നു കഴിയുമ്പോഴെയ്ക്കും അവശേഷിക്കുന്നതു് പ്രതിജ്ഞയുടെ അസ്ഥിപഞ്ജരമായിരിക്കും. വിത്തു നല്ലതായിരുന്നു. പക്ഷേ, വീണതു് മണ്ണില്ലാത്ത പാറപ്പുറത്തായിപ്പോയി. തന്നിമിത്തം മുള എടുത്തെങ്കിലും വാടിക്കരിഞ്ഞുപോയി. പലപ്പോഴും നമ്മുടെ തീരുമാനങ്ങളുടെ ഗതി ഇതാണു്. മദ്യപൻ പഴയ മാർഗ്ഗത്തിലേക്കു് പിന്തിരിയുന്നു-പുകവലിക്കാരനും തഥൈവ.

നിരന്തരം ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചു രണ്ടാം ശീലമായിക്കഴിഞ്ഞ ആളാണു് പ്രതിജ്ഞ എടുത്തതെങ്കിൽ, അയാളെ തുറിച്ചുനോക്കുന്ന വലിയ പ്രശ്നം, താൻ കൂട്ടംവിട്ട ആടിനെപ്പോലെയായിപ്പോയല്ലോ എന്നാണു്. മാത്രമല്ല കൂട്ടുകുടിയന്മാരുടെ പരിഹാസശരങ്ങൾ അയാളെ മുറിപ്പെടുത്തുകയും ചെയ്യും. അപകർഷതാബോധം ആർക്കും ഇഷ്ടമല്ലല്ലോ അതുകൊണ്ടു് കൂട്ടുകാരിൽ നിന്നു മാറിനിന്നു് ''പുണ്യവാളൻ'' ചമയാൻ അയാൾ മടിക്കുന്നു. ''ഇന്നത്തേയ്ക്കു് മാത്രം'' എന്നു മനസ്സിൽ നിരൂപിച്ചുകൊണ്ടു് അയാൾ കൂട്ടുകാരോടൊപ്പം കൂടുന്നു. ''ഇന്നത്തേക്കുമാത്രം'' പല വട്ടമാകുമ്പോൾ അയാൾ പൂർവ്വസ്ഥാനത്തു് എത്തിക്കഴിഞ്ഞു. പ്രതിജ്ഞ പുരാണകഥയായി രൂപാന്തരപ്പെടുകയും ചെയ്യും.

മനുഷ്യസഹജമായ അലസതയും, തീരുമാനമില്ലായ്കയും കൊണ്ടാണു് പ്രതിജ്ഞകൾ, കാററിൽ പഞ്ഞിപോലെ പറന്നുപോകുന്നതു്. സ്വന്തം ആത്മശക്തിയിലുള്ള വിശ്വാസക്കുറവും പ്രതിജ്ഞകൾ നിറവേററാൻ നമ്മെ അശക്തരാക്കും. പ്രതിജ്ഞകൾ അന്യൂനം പാലിക്കാൻ നമ്മുടെ സ്വഭാവത്തിൻെറ ബലഹീനങ്ങളായ വശങ്ങളെപ്പററി നാം ബോധവാന്മാരായിരിക്കണം. യുദ്ധത്തിൽ ശത്രുക്കൾ ആദ്യമായി നോട്ടമിടുന്നതു് കോട്ടയുടെ ബലഹീനമായ സ്ഥലത്താണല്ലോ? നമ്മുടെ ബലഹീനമായ ഭാഗം കണ്ടുപിടിച്ചാൽ, നമ്മുടെ നില ഭദ്രമാക്കാനും ആത്മ വിശ്വാസത്തോടെ, വീറോടേ പൊരുതുവാനും യുദ്ധം നമുക്കു അനുകൂലമായി തിരിച്ചുവിടാനും സാധിക്കും. തളരുമ്പോൾ നിരാശപ്പെടരുതു്. നഷ്ടചൈതന്യം വീണ്ടെടുത്തു ധീരതയോടെ പോരാടുക വിജയം തീർച്ചയായിരിക്കും.

# 21 വാക്കും പ്രവൃത്തിയും

വാക്കും പ്രവൃത്തിയും തമ്മിൽ സാരമായ അന്തരമുണ്ടു്—വാക്കു കൊടുക്കാനും പ്രതിജ്ഞയെടുക്കാനും വളരെ എളുപ്പമുണ്ടു്. അതിനു കാര്യമായ ചെലവൊന്നുമില്ല. പക്ഷേ, പ്രവർത്തിക്കാൻ, വാഗ്ദാനം നിറവേററാൻ, വിചാരിക്കുന്നത്ര എളുപ്പമല്ല. പറഞ്ഞതു് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ ശരിക്കും നല്ല വിലതന്നെ കൊടുക്കേണ്ടിവരും. ആത്മത്യാഗമാണു് കൊടുക്കേണ്ടിവരുന്ന വില. ആത്മത്യാഗം രുചികരവുമല്ലല്ലോ—ശരീരവും മനസ്സും ഒത്തൊരുമിച്ചു പരിശ്രമിച്ചാൽ മാത്രമേ, വാക്കുകളിലൂടെ ലഭിച്ച സന്ദേശത്തിനു രൂപം കൊടുക്കാൻ സാധിക്കയുള്ളൂ. ഇവിടെയാണു പലരും 'ഞാനൊന്നുമറിഞ്ഞില്ല' എന്ന മട്ടിൽ തല മാളത്തിലേയ്ക്കു വലിയ്ക്കുന്നതു്, ആമ സ്വയരക്ഷക്കുവേണ്ടി തോടിനുള്ളിലേക്കു തല വലിക്കും പോലെ.

വാഗ്ദാനം പ്രവൃത്തിപഥത്തിലാകാത്തകാലത്തോളം, അതിനു് ഉറക്കമുണരുന്നതിനോടൊപ്പം മാഞ്ഞുപോകുന്ന സ്വപ്നത്തിന്റെ വിലയേയുള്ളു.

വാക്കുകളുടെ അർത്ഥത്തിനും വിലയ്ക്കും വലിയ മൂല്യച്ഛേദം വന്നിരിക്കുന്ന കാലഘട്ടമാണിതു്. പണ്ടു് മൺവെട്ടിയെന്നു വച്ചാൽ മണ്ണുകിളച്ചുമാററാനുള്ള ഉപകരണം എന്നു് എല്ലാവരും ധരിച്ചിരുന്നു. ഇന്നാകട്ടേ ഓരോരുത്തരും അവരവരുടെ പ്രത്യേക താൽപര്യങ്ങളനുസരണമാണു് അർത്ഥനിഷ്പാദനം ചെയ്യുന്നതു്. പറയുന്നവൻ ഉദ്ദേശിക്കുന്നതു്ഒന്നു്, കേൾക്കുന്നവൻ ധരിക്കുന്നതു് മറെറാന്നാണു്. ഫലമോ? ഒരു ബാബേൽ

കോട്ട, എല്ലാവരും ഉച്ചത്തിൽ സംസാരിക്കുന്നു. ആർക്കും ഒന്നും മനസ്സിലാകുന്നുമില്ല, പരസ്പരം ആശയം ഗ്രഹിക്കാൻ പററാതെ എല്ലാവരും കുഴയുന്ന രാഷ്ട്രീയ രംഗത്താണ് ഈ വളച്ചൊടിക്കൽ പ്രാസ്ഥാനം പ്രത്യേകാൽ പ്രശോഭിക്കുന്നതു്. ഭരണകൂടത്തിൽ കുഴപ്പമില്ലെന്നു ഭരണാധിപന്മാർ പലവട്ടം തറപ്പിച്ചു ഉരുവിട്ടന്നെങ്കിൽ ധരിച്ചു കൊള്ളണം 'ഡൻമാർക്കിൽ' എന്തോ ചീഞ്ഞു നാറുന്നുണ്ടെന്നു്.

സ്വന്തം ലാഭത്തിനുവേണ്ടി എത്രപേരാണ് യാതൊരു സങ്കോചവും കൂടാതെ വാക്കുകൾ വളച്ചൊടിക്കുന്നതു്. വഞ്ചനയും, നുണയും മൂലധനമായിട്ടുള്ള കമ്പനികൾ എത്രയെത്ര ഉദ്യോഗത്തട്ടിപ്പു തുടങ്ങി തട്ടിപ്പുകൾക്കു് കണക്കും കൈയുമുണ്ടോ! ഇങ്ങനെ പാവപ്പെട്ടവരെ ഉയിരോടെ വിഴുങ്ങുന്ന തിമിംഗലങ്ങളുടെ എണ്ണം പെരുകി വരികയല്ലേ?

വാഗ്ദാനലംഘനങ്ങളും 'പൊതു' വ്യവസായങ്ങളും എത്രയെത്ര! കുടുംബങ്ങളെ നശിപ്പിക്കുന്നു! എത്രയെത്ര സുഹൃദ്ബന്ധങ്ങളെ തകർക്കുന്നു എത്ര കൊലപാതകങ്ങൾക്കും, ആത്മഹത്യകൾക്കും വഴിതെളിക്കുന്നു!

സമൂഹത്തിലെ ഏററവും വില കുറഞ്ഞ വ്യക്തിയാണ് വാക്കുപാലിക്കാത്തവൻ. അവൻ വിശ്വാസവഞ്ചകനാണ് സത്യത്തെ കഴുത്തുഞെരിച്ചു കൊല്ലുന്നവനാണ്. ഇങ്ങനെയുള്ളവനെ ആരുമതിക്കും? അവൻ ചിരിക്കും, പക്ഷേ, അതു് കൊലച്ചിരിയായിരിക്കും. അവൻ സമുദായത്തെ കരണ്ടു തിന്നുന്ന ചുണ്ടെലിയാണ്. അവൻ മാന്യതയുടെ മൂടുപടം ധരിച്ചു പ്രത്യക്ഷപ്പെടും—പക്ഷേ, ഹൃദയത്തിലെ 'പ്രതിഛ്ഛേ' വഞ്ചനയും, ചതിവുമായിരിക്കും.

വാക്കു പാലിക്കുന്നവൻെറ രൂപവും ഭാവവും വ്യത്യസ്ഥമാണ്. അവൻെറ ഹൃദയത്തിൽ കുടിയിരിക്കുന്നതു്

സത്യവും ആത്മാർത്ഥതയുമാണ്. അവയെല്ലാം അവൻെറ പ്രകൃതത്തിൽ നിഴലിച്ച കാണാം. അവൻ വാക്കുകളെ വളച്ചൊടിക്കയില്ല, അവസരം പോലെ വ്യാഖ്യാനിക്കയുമില്ല. അവൻ ഒരു വഴിയെ അറിയുകയുള്ളൂ സത്യത്തിൻെറ വഴി. സത്യവും ധർമ്മവും പാലിക്കാൻ അവൻ ആത്മാർത്ഥമായി ശ്രമിക്കുന്നു. അവൻെറ കൈയിൽ ജ്വലിച്ച നിൽക്കുന്നതു് നീതിയുടെ ദീപമായിരിക്കും. തെളിവുള്ള മനസ്സാക്ഷിയും, സമാധാനപൂർണ്ണമായ ഹൃദയവുമായിരിക്കും അവനെ മുമ്പോട്ടുനയിക്കുന്നതു്.

## 22 ഇരുളിൽ ഒളിഞ്ഞു കിടക്കുന്ന രത്നങ്ങൾ

കടലിൻെറ അടിത്തട്ടിൽ വൈവിദ്ധ്യമാർന്ന നിരവധി രത്നങ്ങളുണ്ടു്. ഭൂമിയുടെ അഗാധത്തിലെ ഉള്ളറകളും ആയിരമായിരം വിശിഷ്ട വസ്തുക്കൾ ഉൾക്കൊള്ളുന്നു.

കടലിൻെറ ആഴത്തിൽ നിന്നും അവ പൊക്കിയെടുക്കുമ്പോഴാണു് കടൽ ഇത്രയേറെ രത്നങ്ങൾ ഒളിച്ച വെച്ചിട്ടുണ്ടെന്നുള്ള വാസ്തവം നാം മനസ്സിലാക്കുന്നതു്. കടൽക്കരയിൽ നിന്നു കൈനീട്ടിയാൽ രത്നങ്ങൾ നമ്മുടെ കരങ്ങളിലേക്കു് കുതിച്ച കയറുകയില്ല. പച്ചപ്പട്ടു് വിരിച്ച മൈതാനിയിൽ മന്ദമാരുതൻെറ ആശ്ലേഷസുഖത്തിൽ ഇരുന്നുകൊണ്ടു് "രത്നങ്ങളെ, മുത്തുമണികളേ" ഇങ്ങോട്ടു വരിൻ എന്നു വിളിച്ച പറഞ്ഞാൽ തൽക്ഷണം ഭൂമി പിളർന്നു അവ ഓടി വരുമെന്നു നിനയ്ക്കുന്നതു് മൂഢത്തമാണ്. രത്നങ്ങൾവേണോ കഠിനമായി അദ്ധ്വാനിക്കണം, വിയർപ്പുപൊടിയണം. ആഴിയുടെ ആഴത്തിലേക്കു് ഊളിയിട്ടിറങ്ങാനുള്ള ഒരുക്കവും, തൻേറടവുമുണ്ടായിരിക്കണം. നല്ല വസ്തുക്കളൊന്നും നല്ല വില

കൊടുക്കാതെ കിട്ടുകയില്ല. പ്രതികൂല സാഹചര്യങ്ങളെ ബുദ്ധിപൂർവ്വം നേരിടാനുള്ള കഴിവും അത്യന്താപേക്ഷിതമാണ്.

കടലിൻെറ ക്ഷോഭവും മലപോലെ ഉയരുന്ന തിരമാലകളുടെ അലർച്ചയും കണ്ട് അറച്ചു നിന്നാൽ രത്നങ്ങളൊന്നും നമ്മുടെ കയ്യിൽ എത്തുകയില്ല. രണ്ടും കല്പിച്ച എടുത്തുചാടണം. ആഴിയുടെ അഗാധതിയിലേക്ക് ഊളിയിട്ടിറങ്ങണം. രത്നങ്ങളുടെ നിലവറ അപ്പോഴം നമുക്കു ദൃശ്യമാകും, ഇഷ്ടമുള്ളിടത്തോളം വാരിയെടുത്തുകൊണ്ടു പോരാം.

ജീവിതത്തിൽ എന്തുസംഭവിക്കുമെന്നുള്ളതല്ല പ്രധാനം. അവയോടുള്ള നമ്മുടെ പ്രതികരണമാണു പ്രധാനം. തടവുമുറിയുടെ ഇരുമ്പഴികളിലൂടെ രണ്ടു തടവുകാർ പുറത്തേക്കു നോക്കി. ഒരാറം കണ്ടതു് ചെളിമണ്ണു്. അപരൻ കണ്ടതു് നീലാകാശവും നക്ഷത്ര സഞ്ചയവും. ഒരാളുടെ മനസ്സു് ഉന്നതങ്ങളിലേക്കു്, ഇതരൻെറതു് താഴെ മണ്ണിലേക്കു് ഒരാറം കണ്ടതു് വെളിച്ചം, മററയാറം കണ്ടതു് അന്ധകാരം. ഒരാളിൽ ജന്മംകൊണ്ടതു് പ്രത്യാശ, മററെ ആളിൽ ജനിച്ചതു് നിരാശ. പശ്ചാത്തലം ഒന്നുതന്നെ, ശിക്ഷയും ഒന്നു തന്നെ. രണ്ടുപേരും തുല്യ ദ്ഃഖിതർ എന്നാൽ അവരുടെ പ്രതികരണവും, കാഴ്ചപ്പാടും എത്ര വ്യത്യസ്ഥം!!

രണ്ടു കള്ളന്മാർ ക്രിസ്തുവിനോടൊപ്പം അവിടുത്തെ ഇരു വശങ്ങളിൽ കുരിശിൽത്തൂങ്ങിക്കിടക്കുന്നു. മരണശിക്ഷക്കു് വിധിക്കപ്പെട്ടവരാണവർ, ഒരാറം സ്വന്തം വേദനമറന്നു് ക്രിസ്തുവിൻെറ വേദനയിൽ സങ്കടപ്പെടുന്നു. മററവൻെറ ഊന്നൽ സ്വന്തം വേദനയിലായിരുന്നു. അതുകൊണ്ടു് സഹതാപത്തിൻെറ ഉറവ അവനിൽ വരണ്ടു പോയി. രണ്ടുപേരും പ്രാത്ഥിച്ചു_ഒരാറം പ്രാർത്ഥിച്ചതു് തൻെറ പഴയ തൊഴിൽ തുടർന്നു ചെയ്യാൻ സൗകര്യപ്പെടുന്നതിനു് അവനെ ബന്ധിച്ചിരുന്ന കയറിൽനിന്നു്

മോചിതനാകാൻ. മററവൻ അനുതാപത്തിൻെറ താക്കോൽ കരഗതമാക്കി നാകലോകം കരസ്ഥമാക്കാൻ. തുല്യമായ വേദന, തുല്യമായ ശിക്ഷ. രണ്ടുപേരും കുരിശിൽ തൂങ്ങിക്കിടക്കുന്നു. മരണമണി രണ്ടുപേക്കുമായി മുഴങ്ങുന്നു. മണിക്കൂറുകൾ, നിമിഷങ്ങളാകുന്നു. നിമിഷങ്ങൾ നിശ്ചലങ്ങളാകുന്നു. അത്തു് അവർക്കുവേണ്ടി ഇനി മുന്നോട്ടുകുതിക്കില്ല. അവരുടെ പ്രതികരണം എത്ര വ്യത്യസ്ഥം! ഒരാൾ അവസാന നിമിഷത്തിൽ ജീവിതം ധന്യമാക്കുന്നു. ഇതരൻ ജീവിച്ചതുപോലെ ഈ ലോകത്തു് നിന്നു മറയുന്നു. അവസാന നിമിഷംവരെ അവനു കൂട്ടായിരുന്നതു് നിരാശമാത്രം. നല്ല കള്ളനോ, എന്നാൽ ''നീ ഇന്നു് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും'' എന്ന മധുരതരമായ വാഗ്ദാനം ക്രിസ്തുനാഥനിൽ നിന്നു കേൾക്കുന്നു. അങ്ങനെ ഇരുളിൽ ഒളിഞ്ഞു കിടന്ന നിധി അവൻ കണ്ടെത്തി.

ഭൂമിയിൽ മനുഷ്യൻെറ ജീവിതം ഒരു നിരന്തര പോരാട്ടമാണു്—പലതാണു് അവനു നേരിടാനുള്ളതു്. ദാരിദ്ര്യം, രോഗങ്ങൾ, ആശാഭംഗങ്ങൾ അപമാനഭാരം, ഇവയെല്ലാം അവയിൽ ചിലതുമാത്രമാണു്. ചിലപ്പോൾ ക്ലേശങ്ങൾ കൂട്ടത്തോടെ ആയിരിക്കും വരുന്നതു്—ഇവയെല്ലാം വലിയ ആഘാതമാണു് അവനെ ഏൽപ്പിക്കുന്നതു്. ഏരിതീയിൽ പുഴ എന്നതുപോലെഅവൻ പുളയുന്നു. നിരാശ അവൻെറ ഹൃദയത്തെ കാർന്നു തിന്നുന്നു. എങ്ങും അന്ധകാരം, വെളിച്ചത്തിൻെറ നേരിയ രശ്മി പോലും എങ്ങും കാണുന്നില്ല. ഭയാനകമായ ഒരവസ്ഥ തന്നെ, സംശയമില്ല. പക്ഷേ, ഈ ഇരുളിൻെറ ഒളിവിൽ ഒളിഞ്ഞു കിടക്കുന്ന നിധിയുണ്ടെന്നുള്ള വസ്തുത നാം മറക്കരുതു്. നമ്മുടെ വിശ്വാസം സമ്പുഷ്ടമാക്കാനുള്ള ഒരവസരമാണിതു്.

ക്ലേശങ്ങളും, ദുരിതങ്ങളും നമ്മെ അലട്ടാനല്ല—ദൈവം അയക്കുന്നതു് പ്രത്യുത തൻെറ തിരുക്കുമാരൻെറ ഛായ നമ്മിൽമുദ്രണം ചെയ്യുന്നതിനാണു്. കുരിശിൽ മരിച്ച

തൻെറ സുതൻെറ മുഖഛായയാണ് സ്വർഗ്ഗത്തിലേക്കുള്ള നമ്മുടെ പാസ്പോർട്ട്. ഈഅനുവാദ പത്രമില്ലാതെ സ്വർഗ്ഗപ്രവേശനം സാദ്ധ്യമല്ല. അതിനാൽ ക്ലേശങ്ങൾ അനുഭവപ്പെടുമ്പോൾ, പരിതപ്പിക്കയോ പേടിക്കയോ അല്ല, പ്രത്യുത പരമ പരിപാലകനായ ദൈവത്തോടു നന്ദി പറയുകയാണ് വേണ്ടത് കാരണം, സ്വർഗ്ഗപ്രവേശനത്തിനുള്ള അനുവാദപത്രം സമ്പാദിക്കാൻ നമ്മുടെ സ്നേഹമുള്ളപിതാവു് നൽകുന്ന അവസരമാണത്. ഇരുളിൽ ഒളിഞ്ഞു കിടക്കുന്ന നിരവധി രത്നങ്ങൾ—ദൈവദാനങ്ങൾ— സമ്പാദിക്കാൻ ഒരവസരം കൂടെയാണ് കരിദിനങ്ങൾ എന്നു നാം കരുതാറുള്ള ക്ളേശങ്ങളുടെ ദിവസങ്ങൾ.

## 23 സന്തോഷത്തിലൂടെ

നമ്മുടെ ജീവിതയാത്ര കുറെ ഒക്കെ ആശ്വാസപ്രദമാക്കുന്നതും എളുപ്പമാക്കുന്നതും, സന്തോഷമെന്ന വിശിഷ്ടഗുണമാണ്. വണ്ടിയുടെ സുഗമമായ ചലനത്തിനു് എണ്ണ അത്യാവശ്യമാണ്. വണ്ടിയുടെ ജീവനാഡിയായ എഞ്ചിനും അതിൻെറ കാലുകളാകുന്ന ചക്രങ്ങൾക്കും ആയാസ രഹിതമായി മുന്നോട്ടുപോകാൻ ഇടയ്ക്കിടെ എണ്ണ ഇടുന്നു. എണ്ണഇട്ടാൽ വണ്ടിയുടെ സന്ധി ബന്ധങ്ങൾക്ക് അയവുലഭിക്കുന്നു. അതു് വണ്ടിയുടെ ചലനം ആയാസ രഹിതമാക്കുന്നു. ഇങ്ങനെയുള്ള വണ്ടികളിലെ യാത്ര സുഖപ്രദവുമായിരിക്കും.

മനുഷ്യൻ ഒരു യാത്രക്കാരനാണ്. പോകേണ്ടവഴി ടാറിട്ടുമിനുസപ്പെടുത്തിയതല്ല, കുണ്ടും കുഴികളും ധാരാളം ജീവിതത്തിൽ നേരിടേണ്ടിവരുന്ന പലതരത്തിലുമുള്ള

ക്ലേശങ്ങളും, പ്രതിബന്ധങ്ങളുമാണ്. പ്രസ്തുത കണ്ടകളും കുഴികളും യാത്ര സുഖകരമായിരിക്കയില്ലെന്നു പ്രത്യക്ഷം. ശ്രദ്ധമുഴുവനും ആവശ്യമാണ് അടി തെററാതെ മുന്നോട്ടു പോകാൻ—ഫലമോ, ഞരമ്പുകളുടെ പിരിമുറുക്കം. യാത്രക്കാരനും വണ്ടിയും ഒപ്പം നശിക്കാതിരിക്കണമെങ്കിൽ വണ്ടിക്കു ആവശ്യമായ എണ്ണകൊടുക്കണം. ഈ എണ്ണ സന്തോഷമല്ലാതെ മററൊന്നുമല്ല.

ഇരുട്ടുള്ളിടത്തു പ്രകാശവും വേദനയുള്ളിടത്തു ആശ്വാസവും സന്തോഷം പ്രദാനം ചെയ്യുന്നു. നമ്മുടെ മനസ്സിൻേറയും, ശരീരത്തിൻേറയും പിരിമുറുക്കം അതു് എടുത്തു കളയുന്നു. കയ്യാമം മാററപ്പെട്ട ബന്ദിയുടെ സ്ഥിതി നമുക്കു് അനുഭവവേദ്യമാകുന്നു. നാം സ്വാതന്ത്ര്യത്തിൻെറ വായു ശ്വസിക്കുന്നു.

ആത്മ സംതൃപ്തിയിൽ നിന്നാണ് സന്തോഷം ജന്മമെടുക്കുന്നതു്. സന്തോഷത്തിനു ഒതുങ്ങി നില്ക്കുന്ന പ്രകൃതമില്ല. കുളത്തിലെ വെള്ളം പോലെ ചലനരഹിതമായി അതു് കെട്ടികിടക്കയില്ല. നദീജലം പോലെ അതിനു പ്രവഹിച്ചുകൊണ്ടിരിക്കണം. സന്തോഷത്തിൻെറ മുഖമുദ്ര പ്രസന്നതയാണ്. സന്തോഷ പ്രകൃതമുള്ളവരുടെ സാമീപ്യം എല്ലാവരും ഇഷ്ടപ്പെടുന്നു. വിരസമായ ഏതന്തരീക്ഷവും നിമിഷത്തിനുള്ളിൽ, ഉല്ലാസത്തിൻേറയും പൊട്ടിച്ചിരിയുടേയും അന്തരീക്ഷമാക്കാനുള്ള അതുല്യ കഴിവാണ് അതിനുള്ളതു്.

ലുബ്ധനായ മനുഷ്യൻ തൻെറ സമ്പത്തെല്ലാം സൊരുമിച്ചു കൂട്ടി അതിൽത്തന്നെ കണ്ണും നട്ടിരിക്കും. ഒരു കൊച്ചു കാശുപോലും കൈവിട്ടു പോകുന്നതു് മരണതുല്യമാണ് അയാൾക്കു്. അയാളെക്കൊണ്ടു് ആക്കും ഒരു പകാരവുമില്ല. ആരും അയാളുടെ പടിക്കകത്തേക്കു് ഏറുകണ്ണിട്ടു പോലും നോക്കാറില്ല.

സന്തോഷപ്രകൃതമുള്ളവൻെറ രീതി അതല്ല. സുഗന്ധവാഹിയായ ഒരു പുഷ്പത്തെപ്പോലെയാണ്

അയാറം. പൂവിൻെറ ലാവണ്യവും, ശാലീനതയും സൗരഭ്യവും എല്ലാവരേയും അതിൻെറ പക്കലേക്ക് അടുപ്പിക്കുന്നു. കുഞ്ഞുങ്ങളെ അതു് സന്തോഷിപ്പിക്കുന്നു. രോഗികളേയും, ക്ലേശിതരേയും സാന്ത്വനപ്പെടുത്തുന്നു. പിശുക്കനെപ്പോലെ സ്വത്ത് മുഴുവനും കൂട്ടിവച്ചു സ്വയം സന്തോഷിക്കയല്ലാ അതു് ചെയ്യുന്നതു്. അതിൻെറ ഏററവും വലിയ സ്വത്തായ സൌരഭ്യം അതു നാലുപാടും വിതറുന്നു. തനിക്കുള്ളതെല്ലാം മററുള്ളവർക്കും കൂടെ പങ്കുവയ്ക്കുന്നതിലാണ് അതിൻെറ സംതൃപ്തിയും ആനന്ദവും.

സാക്ഷാൽ സന്തോഷ പ്രകൃതിയുള്ള മനുഷ്യനു് സൗരഭ്യവാഹിയായ പൂവിൻെറ ഗുണങ്ങളെല്ലാമുണ്ടു്. ''പുഞ്ചിരിക്കുക, ലോകം മുഴുവനും നമ്മോടൊത്തു പുഞ്ചിരിക്കും.'' എന്നൊരു ചൊല്ലുണ്ടു്. കരച്ചിലിൻെറ നിവാസമായ ഈ ലോകത്തിൽ സന്തോഷത്തിൻെറ ചിറേറാളങ്ങറം സൃഷ്ടിക്കാൻ നാം ബാദ്ധ്യസ്ഥരാണ്.

മ്ളാനവദനനായി ഒരെട്ടുകാലിയെപ്പോലെ ഒരു മൂലയിൽ ഒതുങ്ങി നിന്നിരുന്ന ഒരു യുവ സന്യാസിയോടു വി. ഇഗ്നേഷ്യസ്ലയോള പറഞ്ഞു.' ''സഹോദരാ, സന്തോഷവാനായിരിക്കു. ദു:ഖത്തിൻെറ മൂടുപടം വലിച്ചു ദൂരെ എറിയുക.'' വിശുദ്ധന്മാരത്രപേരും, സന്തോഷമെന്ന സുകൃതത്തിൻെറ വില ശരിയായി ഗ്രഹിച്ചിരുന്നു. ''ദു:ഖം മുഖമുദ്രയായി നടക്കുന്ന വിശുദ്ധൻ, വിശുദ്ധനേയല്ല'' എന്ന സാലേക്കു് പുണ്യവാൻെറ വാക്കുകറം അത്ഥഗർഭമാണ്. വിശുദ്ധിയും ദു:ഖവും (രക്ഷാകരമല്ലാത്ത ദു:ഖം) ഒന്നിച്ചിരിക്കയില്ലെന്നു സാരം.

സന്തോഷം കുടികൊള്ളുന്ന സമൂഹത്തിൽ സ്നേഹസ്വരൂപനായ ദൈവം കുടികൊള്ളും .ഇങ്ങനെയുള്ള മനുഷ്യമക്കളോടു കൂടെ വസിക്കാനാണ് അവിടുന്നു് ഇഷ്ടപ്പെടുന്നതു്.

ലോകം വേദനകളുടേയും നെടുവീർപ്പുകളുടേയും നിവാസ സ്ഥലമാണ്. ഇവിടെയാണ് നാമും ജീവിക്കുന്നത്, ഇവിടെ നാം കേറംക്കുന്നതു് വേദനയുടെ വിലാപ ഗാനമാണ്, കാണുന്നതു്. ക്ലേശങ്ങളുടെ ബീഭത്സ ചിത്രങ്ങളും. തന്നിമിത്തം, ജീവിതത്തിൽ ദുഃഖത്തിന് അതിരു കടന്ന ഊന്നൽ കൊടുക്കാൻ നാം പ്രേരിതരാകുന്നു. മറിച്ചു വെളിച്ചത്തിനു് ഊന്നൽ കൊടുക്കാൻ ശ്രമിച്ചാൽ അതു് നമ്മുടേയും മററുള്ളവരുടേയും ജീവിതത്തെ കൂടുതൽ പ്രകാശമാനമാക്കാനും, ധന്യമാക്കാനും സഹായിക്കും.

നല്ലവാനായ ദൈവം, നമ്മുടെ ജീവിതം ആനന്ദകരമാക്കുന്നതിനു് എന്തെല്ലാം സംവിധാനങ്ങളാണ് ഈ പ്രപഞ്ചത്തിൽ ചെയ്തിരിക്കുന്നതു്. കണ്ണിനും കരളിനും കുളർമ നൽകുന്ന ദൃശ്യങ്ങരം എത്രയെത്ര? കുന്നുകളും മലകളും, പുഴകളും, അരുവികളും നീലിമ നിറഞ്ഞ ആകാശവും, പ്രഭാ പൂരം വിതറുന്ന ഗോള സഞ്ചയങ്ങളും, നാനാജാതി പക്ഷിമൃഗാദികളും എണ്ണിതീർക്കാൻ ആർക്കു സാധിക്കും! എത്ര വലിയ വിരുന്നാണ് സ്വർഗ്ഗപിതാവ് നമുക്കായി ഒരുക്കിയിരിക്കുന്നതു്. ഇവയെല്ലാം അനുഭവിച്ചുകൊണ്ടു് സന്തോഷത്തോടെ കർത്താവിനു് സേവനം ചെയ്യുന്നതല്ലേ നമ്മുടെ ധർമ്മം?

## 24 അപരനുവേണ്ടി

പരസ്പര ബന്ധമില്ലാത്ത ഒരു സമൂഹ ജീവിതമല്ല മനുഷ്യന്റേതു്. ഒരു ചങ്ങലയുടെ വിവിധ കണ്ണികരം ബന്ധപ്പെട്ടു കിടക്കുന്നതുപോലെയാണ് മനുഷ്യ സമൂഹം. ചങ്ങലയുടെ ഒരോ കണ്ണിയും അതിന്റെ വ്യക്തിത്വം നില നിറുത്തുന്നു. പക്ഷേ, ചങ്ങലയാകണമെങ്കിൽ ഓരോ കണ്ണിയും പരസ്പരം ബന്ധപ്പെട്ടു്

ഒന്നിച്ച ചേരണം. വിവിധ കണ്ണികളുടെ കൂട്ടായ്മ യിൽ നിന്നാണ ചങ്ങല രൂപം കൊള്ളുന്നതു്. ചങ്ങ ലയുടെ ഒരു കണ്ണി വിചാരിച്ചാൽ ആനയെ തളയ്ക്കാൻ സാധിക്കമോ? എന്നാൽ കണ്ണികളെല്ലാം ഒന്നിച്ച കൂടി ചങ്ങലയാകുമ്പോഠം ഏതു മല്ലനേയും തളയ്ക്കാൻ സാധി ക്കും, 'ഐകമത്യം മഹാബലം' എന്നല്ലേ ചൊല്ല്.

ലോകത്തിൽ ആരും തനിക്കുതാൻ പോന്നവരല്ല. എവിടേയും പരാശ്രയവും, സഹായവും ആവശ്യമാണ്. അന്യോന്നമുള്ള ധാരണയിലൂടെയും സഹായത്തിലൂടെ യും മാത്രമേ വ്യക്തികളും, സമുദായങ്ങളും പുരോഗമിക്ക യുള്ളൂ. ഒററയാൻെറ ജീവിതരീതിയല്ല മനുഷ്യൻേറതു്. ഒരു രാജാവിൻെറ സുരക്ഷിതത്വം അദ്ദേഹത്തിൻെറ പട്ടാ ളത്തിലാണ്. പട്ടാളത്തെ ആശ്രയിക്കാതെ അദ്ദേഹത്തി ന് രാജ്യഭരണം നടത്താനാവുമോ? ജീവിതത്തിൻെറ ഓരോ തുറയിലും ഇപ്രകാരമുള്ള പരസ്പരാശ്രയം തെ ളിവായിക്കാണാം.

പരസ്പരാശ്രയത്വം അപമാനകരമൊന്നുമല്ല. പരസ്പരസ്നേഹത്തിൽ നിന്നും, ബഹുമാനത്തിൽ നിന്നു മായിരിക്കണം അതുമുളയെടുക്കേണ്ടതു്. പരാശ്രയത്തി ൻെറ ഉറവിടം വിനയവുംസ്നേഹവുമായിരിക്കണം 'വല്യേ ട്ടൻ' ഭാവത്തിനു് അവിടെ സ്ഥാനമുണ്ടാകരുതു്. നാം ഒന്നാണെന്നും ഒന്നിച്ചുചേർന്നു പണിയെടുത്താൽ മാത്രമേ ലോകത്തിനു് എന്തെങ്കിലും സ്ഥായിയായ സംഭാവന ചെയ്യാൻ കഴിയൂ എന്നു് നാം ധരിക്കണം. സ്വാർത്ഥ തയുടെ വളയത്തിനപ്പുറം ചാടിക്കടന്നു മററുള്ളവരുടെജീ വിതവുമായി ബന്ധപ്പെടുമ്പോഠം മാത്രമാണ് നമ്മുടെ ജീവിതം വിലപ്പെട്ടതാകുന്നതു്. നമ്മുടെ ജീവിതംനമ്മു ടെ അയൽക്കാരനുംകൂടെ പങ്കുവയ്ക്കാനുള്ളതാണെന്നു മനസ്സി ലാക്കിക്കഴിയുമ്പോഠം ജീവിതമെന്ന മഹാരഹസ്യത്തി ൻെറ പൊരുഠം നാം മനസ്സിലാക്കിക്കഴിഞ്ഞു.

സമൂഹ ജീവിതത്തെ മധുരിപ്പിക്കുന്ന ഒരു വിശിഷ്ട സുകൃതമാണ് പരസ്നേഹം. ചുട്ടുപഴുത്തമണലിൽ വിയർത്തൊലിച്ചു നടക്കുന്ന ആൾ തണൽ വൃക്ഷച്ചുവട്ടിൽ എത്തുമ്പോൾ എന്തു നിർവൃതിയാണ് അനുഭവിക്കുന്നതു്! ശീതളഛായ അയാളുടെ ശരീരത്തേയും മനസ്സിനേയും കുളർപ്പിക്കുന്നു. ക്ഷീണമെല്ലാം മാററി ക്ഷണനേരംകൊണ്ടു് ഉന്മേഷഭരിതമാകുന്നു; നഷ്ടപ്പെട്ട ചൈതന്യം പുന: സ്ഥാപിക്കപ്പെടുന്നു.

ഒരർത്ഥത്തിൽ ലോകം ചുട്ടുപഴുത്തുകിടക്കുന്ന ഒരു മണലാരണ്യമാണ്. അതിലൂടെയാണു് പലപ്പോഴുംനമ്മുടെ പദയാത്ര. നാം കേൾക്കുന്നതു പക്ഷികളുടെ മധുരഗാനമല്ല, ദീനതയുടെ നിലവിളിയാണു്. ഭാരംചുമക്കുന്ന ആളുകളേയാണു് വഴിയിൽ നാം കണ്ടുമുട്ടുന്നതു്. രോഗികൾ, കിടപ്പാടമില്ലാത്തവർ തുടങ്ങി പലവിധത്തിലുമുള്ള ഞെരുക്കങ്ങൾ അനുഭവിക്കുന്നവരാണിവർ. ഞെരിഞ്ഞിൽ മുള്ളാണ് അവരുടെ ഇരിപ്പിടം. ഉച്ചവെയിലിൽ നടക്കുന്ന പഥികരെപ്പോലെയാണിവർ. ഇവർക്കു വേണ്ടതു് തണൽ വൃക്ഷങ്ങളാണു്. ഇവരുടെ അവശതകൾ, കണ്ടില്ല, കേട്ടില്ല എന്നുനടിച്ചു കടന്നുപോകുന്നതു് ധർമ്മ വിലോപമാണു്. ഓരോ മനുഷ്യനും നല്ല ശമരിയാക്കാരനെപ്പോലെ ആയിരുന്നെങ്കിൽ ഈ ലോകത്തിലെ യാത്ര എത്ര സുഖപ്രദമായിരുന്നേനേ?

## 25 ജീവിതയാത്ര

ജീവിതത്തെപ്പററി അതർഹിക്കുന്ന ഗൗരവത്തോടെ ചിന്തിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്ന ഒരു കാലസ്ഥിതിയിലാണ് നാം ജീവിക്കുന്നതു്. ജീവിതം ഒന്നേയുള്ളൂ എന്നുംപ്രസ്തുത ജീവിതത്തിൽ പലതും നേടിയെ

ടുക്കാൻ ഉണ്ടെന്നുമുള്ള സത്യം സൗകര്യമായി മറക്കാനുള്ള വെമ്പലാണ് പലർക്കും.

ജീവൻ ദൈവത്തിൻെറ ഇഷ്ടദാനമാണ്. അതു് വികസിപ്പിച്ചു ഫലപ്രദമാക്കാനുള്ള ചുമതല ഓരോ വ്യക്തിക്കുമുണ്ട്— പ്രസ്തുത ഉത്തരവാദിത്വത്തിൽ നിന്നും പിന്മാറുന്നതു് ജീവദാതാവായ ദൈവത്തോടു കാണിക്കുന്ന അവഹേളനമാണ്. തന്നിമിത്തം അതു് ശിക്ഷാർഹവുമാണ്. മൂന്നും അഞ്ചും ദെനാറാ കിട്ടിയ ഭൃത്യൻമാർ അതു് ഇരട്ടിയാക്കി. ഒന്നു ലഭിച്ചവനോ, അതു് ഭദ്രമായി കുഴിച്ചിട്ടു. കിട്ടിയതോ, എജമാനൻെറ അതൃപ്തിയും ശകാരവും, ശിക്ഷയും. ദെനാറാ ഇരട്ടിയാക്കിയ ഭൃത്യന്മാർ എജമാനൻെറ പ്രശംസയും സമ്മാനവും കൈപ്പററുന്നു. ധൂർത്തപുത്രൻ അവൻെറ തന്നിഷ്ടം മൂലം അവൻെറ സ്വത്തെല്ലാം നശിപ്പിച്ചു തെരുവുതെണ്ടിയായി. രാജകുമാരൻെറ പദവിയിലിരുന്നവൻ, പന്നിനോട്ടക്കാരനായിഅധഃപതിച്ചു!

ജീവിതത്തെ പല്തരത്തിൽ നിരീക്ഷിക്കുന്നവരുണ്ടു്. ഓരോരുത്തരുടേയും വീക്ഷണഗതി അവരുടെ വ്യക്തിത്വത്തിൻെറ നിദർശനമാണ്. ജീവിതം ഒരു വിനോദം മാത്രമായി ചിലർ സങ്കല്പിക്കുന്നു. തിന്നുകുടിച്ചുല്ലസിച്ചു ജീവിക്കണം; അതിന്നപ്പുറം, അവർക്കൊന്നുമില്ല. പൂമ്പാററകൾ തേനുണ്ണാൻ പുഷ്പങ്ങളിൽ പരതി നടക്കുന്നതുപോലെ അവിടേയും, ഇവിടേയും അലഞ്ഞു നടക്കുന്നു കിട്ടുന്ന സന്തോഷങ്ങളെല്ലാം അനുഭവിയ്ക്കാൻ. അമരക്കാരനില്ലാതെ കാററിൽ അലഞ്ഞുഴലുന്ന വഞ്ചിപോലെയാണ് ഇവരുടെ സഞ്ചാരഗതി. കാററ് എങ്ങോട്ടുകൊണ്ടുപോകുന്നോ അവിടേയ്ക്കു അവർ പോകും. തെക്കോട്ടെങ്കിൽ തെക്കോട്ട്, വടക്കോട്ടെങ്കിൽ വടക്കോട്ട്. ഓരോ നാഴികയിലേയും മാറി മാറി വരുന്ന വികാരങ്ങളാണ് അവരെ നയിക്കുന്നതു്. ലക്ഷ്യബോധമോ സ്വന്തം അഭിപ്രായമോ അവർക്കില്ല.

വേറൊരു കൂട്ടരുണ്ട്, തേനുണ്ട് മയങ്ങിക്കിടക്കുന്ന തേനീച്ചയുടെ ശരിപ്പകർപ്പാണിവർ. സുഖഭോഗങ്ങൾ ആവോളം അനുഭവിച്ചു മയങ്ങിഉറങ്ങുന്നു. സുഖഭോഗങ്ങളുടെ ലോകത്തിനപ്പുറം ഒരു ലോകം അവർക്കില്ല. ഇക്കൂട്ടർ തങ്ങൾതന്നെ സൃഷ്ടിച്ച ലോകത്തിൽ കഴിഞ്ഞുകൂടി അവിടെത്തന്നെ അസ്തമിക്കുന്നു. വേറൊരുകൂട്ടർ, ശരിക്കും ജീവിതത്തിന്റെ പൊരുൾ മനസ്സിലാക്കി ജീവിക്കുന്നവരാണിവർ. ജീവിതം വിലപ്പെട്ടതാണെന്നും അത് പരിപൂർണ്ണതയിലെത്തിക്കേണ്ടതാണെന്നും ഇവർക്കുനല്ലബോധ്യമുണ്ട്. ജീവിതലക്ഷ്യം ചൂണ്ടുപലകപോലെ സദാ അവരുടെ കൺമുമ്പിലുണ്ട്. അക്ഷീണവും സ്ഥിരവുമായ അധ്വാനം കൂടാതെ ലക്ഷ്യപ്രാപ്തി സാദ്ധ്യമല്ലെന്ന് അവർക്കറിയാം. അദ്ധ്വാനത്തിന് വലിയ വിലകൊടുക്കേണ്ടിവരുമെന്നും അവർ മനസിലാക്കിയിട്ടുണ്ട്. "മുന്നോട്ടു, മുന്നോട്ട്" ഇതാണ് അവരുടെ മുദ്രാവാക്യം. ലക്ഷ്യത്തിൽ നിന്നും അവരെ അകററി മാററാനുള്ള പലതും അവർ മാർഗ്ഗമദ്ധ്യേ കാണുന്നു. മേളകളും ഉല്ലാസകേന്ദ്രങ്ങളും അവരെ മാടിവിളിക്കുമെങ്കിലും അവർ വഴിയിൽ തങ്ങുകയില്ല.

യാത്രയിൽ പലബുദ്ധിമുട്ടുകളും, കഷ്ടപ്പാടുകളും, അവക്ക് അനുഭവപ്പെടുമെങ്കിലും തളരാതെ അവർമുന്നോട്ടുതന്നെപോകുന്നു. മുമ്പോട്ടുവച്ചകാൽ,പിമ്പോട്ടുവലിയ്ക്കാൻഅവരുടെ നിശ്ചയ ദാർഢ്യവും അഭിമാനവും സമ്മതിക്കയില്ല ദുഷ്ക്കരമായ ഈ യാത്ര അവർക്ക് അവരേപ്പററിത്തന്നെ ശരിയായ അവബോധം ഉളവാക്കുന്നു.

വെള്ളത്തിൽകോറിയ അക്ഷരങ്ങൾ പോലെ ആയില്ലല്ലോ തങ്ങളുടെ ജീവിതം എന്നോർത്ത് അവർ സന്തോഷിക്കയും അഭിമാനിക്കയും ജീവസംദായകനായ ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നു.

18180
ST. ANTONY'S MONASTERY
3048
Phone : 3140

# ജീവിതയാത്ര

റെയിനോൾഡ്സ്

നമ്മുടെ അനുദിനജീവിതത്തിൽ നാം കണ്ടുമുട്ടാറുള്ള ജീവിതപ്രശ്നങ്ങളെ ഒന്നൊന്നായി വിശകലനം ചെയ്ത് അവയെ നേരിടാൻ വേണ്ട മാനസ്സികാവസ്ഥ നമ്മിൽ ഉളവാക്കുന്നതിനു് ഈ ചെറുഗ്രന്ഥം വളരെ അധികം നമ്മെ സഹായിക്കും.

ഇംഗ്ലീഷിലും മലയാളത്തിലുമായി ഒരു ഡസനിൽപരം ഗ്രന്ഥങ്ങളുടെ രചയിതാവും പ്രസിദ്ധ ഇംഗ്ലീഷു ഭാഷാപണ്ഡിതനുമായ റെയിനോൾഡ്സ് തന്റെ ഇതപര്യന്ത പരിശ്രമഫലമായി രൂപം കൊടുത്തിരിക്കുന്ന ഈ ഗ്രന്ഥം അനുവാചകർക്കും മലയാളഭാഷയ്ക്കുതന്നെയും ഒരു മുതൽക്കൂട്ടാണെന്നുള്ളതിൽ സംശയമില്ല.

ഒരു ഡി. ബി. എച്ച്. പ്രസിദ്ധീകരണം

# റെയിനോൾഡ്സ്



# ജീവിതയാത്ര

Indic Digital Archive Foundation
gpura.org